മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 05 No. 21 | THE ONLINE OFFICIAL NEWS BULLETTIN | 2022 May 21

ഉയിർപ്പുകാലം | SEASON OF RESURRECTION

SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
22 ♪5 4th Sunday after New Sunday	23 ♪1	24 ♪5	25 ♪1	26 ♪5 ✝Suloqo Ascension of our Lord 8th Memory of Mar Baselios Marthoma Didymos I (Pathanapuram Dayara)	27 ♪1 AWAITING HOLY SPIRIT	28 ♪5



പരിശുദ്ധ പിതാവിന് കൊരട്ടി ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നൽകിയ പൗരസ്വീകരണം.



സിഎസ്ഐ അസൻഷൻ ചർച്ച് ശതാബ്ദി ആഘോഷങ്ങളുടെ സമാപനത്തോട് അനുബന്ധിച്ചുള്ള പൊതുസമ്മേളനം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു. തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ, ബിഷപ് തോമസ് സാമുവൽ, സിഎസ്ഐ മധ്യകേരള മഹായിടവക ബിഷപ് ഡോ. മലയിൽ സാബു കോശി ചെറിയാൻ എന്നിവർ മുൻനിരയിൽ. റവ. ഡോ. പി.കെ. കുരുവിള, റവ. നെൽസൺ ചാക്കോ, നഗരസഭാ അധ്യക്ഷ ബിൻസി സെബാസ്റ്റ്യൻ, റവ. ജോൺ മത്തായി, റവ.ഡോ. ഷാജൻ ഇടിക്കുള, ജേക്കബ് ഫിലിപ്പ് കല്ലുമല എന്നിവർ സമീപം.



മലങ്കര അസോസിയേഷൻ അംഗങ്ങളുടെ പ്രാഥമിക ലിസ്റ്റ് പ്രസിദ്ധീകരിച്ചു

കോട്ടയം: ഓഗസ്റ്റ് 4-ന് പത്തനാപുരം മൗണ്ട് താബോർ ദയറാ അങ്കണത്തിലെ തോമാ മാർ ദീവന്നാസ്യോസ് നഗറിൽ ചേരുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ പ്രതിനിധികളുടെ പ്രാഥമിക ലിസ്റ്റ് യോഗസ്ഥലത്ത് ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ പ്രസിദ്ധീകരിച്ചു.അഡ്വ. ബിജു ഉമ്മൻ, പത്തനാപുരം മൗണ്ട് താബോർ ദയറാ സെക്രട്ടറി ഫാ. ബെഞ്ചമിൻ മാത്തൻ എന്നിവർ സന്നിഹിതരായിരുന്നു. ദേവലോകം കാതോലിക്കേറ്റ് ഓഫീസിലും സഭയുടെ ഔദ്യോഗിക വെബ്സൈറ്റിലും (www.mosc.in) ലിസ്റ്റ് പ്രസിദ്ധീകരിച്ചു.



ലോഗോ പ്രകാശനം ചെയ്തു

കുന്നംകുളം: പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവായുടെ ഒന്നാം ഓർമ്മ പെരുന്നാളിനോടനുബന്ധിച്ച് നടത്തപ്പെടുന്ന വിവിധ പരിപാടികളുടെ ഔദ്യോഗിക ഉദ്ഘാടനം ലോഗോ പ്രകാശനത്തിലൂടെ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ നിർവ്വഹിച്ചു. കുന്നംകുളം ആർത്താറ്റ് സെന്റ് ഗ്രീഗോറിയോസ് അരമന ചാപ്പലിലെ വിശുദ്ധ കുർബാനക്ക് ശേഷം യൂലിയോസ് തിരുമേനി അനുസ്മരണ പ്രസംഗം നടത്തുകയും തുടർന്ന് ലോഗോ പ്രകാശനം നിർവ്വഹിക്കുകയും ചെയ്തു.


ഭദ്രാസന സെക്രട്ടറി ഫാ.ജോസഫ് ചെറുവത്തൂർ ഭദ്രാസന കൗൺസിൽ അംഗങ്ങളായ ചിന്നൻ, അഡ്വ. ഗിൽബർട്ട് ചീരൻ സഭാ മാനേജിംഗ് കമ്മറ്റി അംഗങ്ങൾ ഉൾപ്പെടെ നിരവധി വിശ്വാസികൾ പങ്കെടുത്തു. കുന്നംകുളം ഭദ്രാസനത്തിലെ മുഴുവൻ പള്ളികളിലും ലോഗോ പ്രകാശനവും അനുസ്മരണവും നടത്തപ്പെട്ടു.

Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ആരാധനാ കലണ്ടർ

"കുറുനരികൾക്കു കുഴിയും ആകാശത്തിലെ പറവജാതികൾക്കു കൂടും ഉണ്ട്; മനുഷ്യപുത്രനോ തല ചായിപ്പാൻ സ്ഥലമില്ല"



ഡോ. ഗീവർഗീസ് മാർ യൂലിയോസ്

പുനരുത്ഥാനപ്പെരുന്നാളിനുശേഷമുള്ള അഞ്ചാം ഞായറാഴ്ചയിൽ എത്തുമ്പോൾ (സ്വർഗ്ഗാരോഹണ പെരുന്നാളിന് മുമ്പുള്ള ഞായറാഴ്ച) നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണ പെരുന്നാളിനെ ഉൾക്കൊള്ളുവാൻ നമ്മെ ഒരുക്കുന്ന വിധമാണ് വായനകളും പ്രാർത്ഥനകളും ക്രമീകരിച്ചിരിക്കുന്നത്. "ദൈവമായ കർത്താവേ, നിന്റെ പുനരുത്ഥാനത്തിൽ അനവരതം സന്തോഷിച്ച് ആനന്ദിപ്പാനും നിന്റെ സ്വർഗ്ഗാരോഹണത്തിന് സാക്ഷികളാകുവാനും ഞങ്ങളെ യോഗ്യരാക്കണമേ. ദിവ്യസങ്കീർത്തകനായ ദാവീദിനോടൊന്നിച്ച് കർത്താവിന് ഒരു പുതിയ പാട്ടു പാടുവീൻ; എന്തെന്നാൽ അവൻ അത്ഭുതം പ്രവർത്തിച്ചിരിക്കുന്നു എന്ന് ഉച്ചത്തിൽ കീർത്തിച്ച് നിന്നെ സ്തുതിപ്പാൻ ഞങ്ങളെ സഹായിക്കണമെ" എന്നാണ് പ്രാരംഭ പ്രാർത്ഥന.

വി. സ്വർഗ്ഗാരോഹണത്തിനും പെന്തിക്കോസ്തിക്കുമുള്ള ഒരുക്കത്തെ കുറിച്ചാണ് വായനഭാഗങ്ങൾ എല്ലാംതന്നെ നമ്മെ ക്ഷണിക്കുന്നത്. പെസഹാപെരുന്നാൾ മുതലുള്ള ഏഴ് ആഴ്ചവട്ടത്തിന്റെ പ്രാധാന്യവും അവ ആചരിക്കേണ്ട വിധവും ആദ്യവായന (ആവർത്തനം 16-ാം അദ്ധ്യായം) നമ്മെ ഓർമ്മപ്പെടുത്തുന്നു. ഈ ദിനങ്ങളിൽ യെരുശലേമിൽ സംഭവിച്ചതും സംഭവിപ്പാനിരിക്കുന്നതുമെല്ലാം യോവേൽ പ്രവാചകൻ (3:16-21) നമ്മെ അറിയിക്കുന്നു: യെഹൂദാ ദേശത്തു വെച്ചു കുറ്റമില്ലാത്ത രക്തം ചൊരിഞ്ഞവരെ ചിതറിച്ച് അവിടെ പ. സഭ പണിയപ്പെടുന്ന സുന്ദരമായ ചിത്രം വരച്ചുകാണിച്ചിരിക്കുന്നു. "അന്നാളിൽ അവർ യെഹൂദാ ദേശത്തു ഈ പാട്ടു പാടും. നമുക്കു ബലമുള്ളോരു പട്ടണം ഉണ്ട്. അവൻ രക്ഷയെ മതിലുകളും കൊത്തളങ്ങളും ആക്കിവെയ്ക്കുന്നു. നീതിയുള്ള ജാതി പ്രവേശിക്കേണ്ടതിനു വാതിലുകളെ തുറപ്പിൻ, നീ അവനെ പൂർണ്ണ സമാധാനത്തിൽ കാക്കുന്നു. യഹോവയെന്ന ശാശ്വതമായ പാറ നമുക്കുള്ളതിനാൽ അവനിൽ ആശ്രയിപ്പിൻ" എന്നിങ്ങനെ മഹത്വമുള്ളവനായ യെശയ്യാ പ്രവാചകനും ആഹ്വാനം ചെയ്യുന്നു (26:1-8).



ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് പ. പത്രോസ് ശ്ലീഹാ പൊതു ലേഖനത്തിലൂടെ (1 പത്രോസ് 3:17-22) ഓർമ്മിപ്പിക്കുന്നതും ശ്രദ്ധേയമാണ്. നന്മ ചെയ്തിട്ടു കഷ്ടം സഹിക്കുവാൻ ആഹ്വാനം ചെയ്യുന്ന അദ്ദേഹം നോഹയുടെ പെട്ടകത്തെ പരമാർശിച്ചുകൊണ്ട് വി. മാമോദീസായിലൂടെ പ. സഭയുടെ രക്ഷയിൽ നിൽക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ അവൻ നമ്മെയും രക്ഷിക്കുകയും അവൻ സ്വർഗ്ഗത്തിലേക്കു പോയി ദൈവത്തിന്റെ വലത്തുഭാഗത്തു ഇരിക്കുന്നതിനാൽ സർവ്വവും അവന് കീഴ്പ്പെട്ടിരിക്കുന്നുവെന്നും വ്യക്തമാക്കുന്നു. വിശ്വസിക്കുന്ന ഏവരും അവനാൽ നിത്യതയിലേക്ക് ഉയർത്തപ്പെടുമെന്ന് ഏവർക്കും അവൻ രക്ഷ പ്രദാനം ചെയ്യുമെന്നും എബ്രായ ലേഖകനും (11:32-40) നമ്മെ ധൈര്യപ്പെടുത്തുന്നു.

ഇതേ തുടർന്നാണ് വി. ഏവൻഗേലിയോനിലൂടെ (വി. ലൂക്കോസ് 9:51-62) തന്നിലാരംഭിച്ച സ്വർഗ്ഗരാജ്യത്തിന്റെ ലക്ഷണങ്ങളും സ്വഭാവങ്ങളും അതിലേക്ക് പ്രവേശിക്കുവാനുള്ള മാർഗ്ഗവും കർത്താവ് പ്രഖ്യാപിക്കുന്നത്. അവന്റെ ആരോഹണത്തിനുള്ള കാലം തികയാറായപ്പോൾ എന്ന മുഖവുരയോടെയാണ് ഈ ഭാഗം ആരംഭിക്കുന്നത്. യെരുശലേമിലേക്ക് പോകുന്നവരെ വംശീയ കാരണങ്ങളാൽ ഉപരോധിക്കുന്ന ശമര്യക്കാരെയും അവരെ നശിപ്പിക്കുവാൻ ആഗ്രഹിക്കുന്ന ശിഷ്യന്മാരെയും കർത്താവ് കാണുകയും അവരെയെല്ലാം നന്മയുടെ പാതയിലേക്ക് തിരിക്കുവാനും തിരുത്തുവാനും അദ്ദേഹം ശ്രമിക്കുന്നുണ്ട്. 'മനുഷ്യപുത്രൻ നശിപ്പിക്കുവാനല്ല; രക്ഷിപ്പാനാണ് വന്നിരിക്കുന്നതെന്ന്' ശിഷ്യന്മാരെ ശാസിച്ച് ഓർമ്മിപ്പിക്കുന്നുണ്ട്.

നീ എവിടെപ്പോയാലും നിന്നെ അനുഗമിക്കാമെന്ന് പറയുന്നവനോട് കർത്താവ് പറയുന്നത്: 'കുറുനരികൾക്കു കുഴിയും ആകാശത്തിലെ പറവജാതിക്കു കൂടും ഉണ്ട്; മനുഷ്യപുത്രനോ തല ചായിപ്പാൻ സ്ഥലമില്ല' എന്നാണ്. ലോക പ്രകാരമുള്ള ഒരു സാമ്രാജ്യത്വമോഹികളും തന്നിൽ സ്ഥാനമില്ലായെന്നും ആത്മാവിൽ ദാരിദ്ര്യം പരിശീലിച്ചവർക്ക് അഥവാ പൂർണ്ണമായും ത്യജനത്തിന്റെ പാത സ്വീകരിക്കുന്നവർക്കു മാത്രമേ തന്നെ അനുഗമിക്കുവാൻ കഴിയൂ എന്നുമാണ് കർത്താവ് പഠിപ്പിക്കുന്നത്. വി. ലൂക്കോസ് ഒൻപതാം അദ്ധ്യായം ആരംഭിക്കുമ്പോൾ, തന്നെ അനുഗമിക്കുന്നവർ നടത്തേണ്ട ഒരുക്കങ്ങളെ കുറിച്ച് കർത്താവ് പഠിപ്പിക്കുന്നുണ്ട്. വഴിക്കു വടിയും പൊക്കണവും എടുക്കാതെ, അപ്പവും പണവും കരുതാതെ ദൈവരാജ്യം പ്രസംഗിപ്പാനും രോഗികൾക്കു സൗഖ്യം കൊടുക്കുവാനും അവർക്ക് ശക്തിയും അധികാരവും നൽകിയാണ് അവരെ അയക്കുന്നത്. "എന്നെ അനുഗമിപ്പാൻ ഒരുത്താൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ചു നാൾതോറും തന്റെ ക്രൂശ് എടുത്തുകൊണ്ടു എന്നെ അനുഗമിക്കട്ടെ. ഒരു മനുഷ്യൻ സർവ്വലോകവും നേടീട്ടും തന്നെത്താൻ നഷ്ടമാക്കികളകയോ ചേതം വരുത്തുകയോ ചെയ്താൽ അവനു എന്തു പ്രയോജനം? ആരെങ്കിലും എന്നെയും എന്റെ വചനങ്ങളെയും കുറിച്ചു നാണിച്ചാൽ അവനെക്കുറിച്ചു മനുഷ്യപുത്രൻ തന്റേയും പിതാവിന്റെയും വിശുദ്ധ ദൂതന്മാരുടെയും മഹത്വത്തിൽ വരുമ്പോൾ നാണിക്കും" (9:23-26). ഈ തത്വത്തിൽ നിന്നുകൊണ്ടാണ് തന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്ന മൂന്ന് പേരോട് അല്പം കാർക്കശ്യഭാവത്തോടെ കർത്താവ് സംസാരിക്കുന്നത്. കേവലം മരിച്ചവരെ സംസ്ക്കരിക്കേണ്ടതില്ലെന്നോ, വീട്ടിൽ യാത്ര പറയേണ്ടതില്ലെന്നോ എന്ന അർത്ഥമല്ല, മറിച്ച് നമ്മിലെ മൃതാവസ്ഥയെ, ലോകമോഹങ്ങളെ പൂർണ്ണമായും ത്യജിച്ച് അടക്കി സ്വയം വെറുമയാക്കുന്നവന് മാത്രമേ തല ചായിപ്പാൻ ഇടമില്ലാത്തവന്റെ രാജ്യത്തിൽ ഇടം ഉണ്ടാവുകയുള്ളു എന്ന വലിയ തത്വമാണ് കർത്താവ് നമ്മെ ഓർമ്മിപ്പിക്കുന്നത്.

മേൽപ്പറഞ്ഞ തത്വങ്ങൾ ആവർത്തിച്ചുറപ്പിക്കുന്ന ധ്യാനങ്ങളാണ് ഈ ആഴ്ചയിലെ പ്രാർത്ഥന. സ്വയം ഇല്ലാതാകുന്നതിലൂടെ സകലവും നിർമ്മിച്ച് നിലനിർത്തുകയും മരണത്തിലൂടെ മരണത്തെ കൊന്ന് പ്രപഞ്ചത്തെ നിത്യതയിലേക്ക് ക്ഷണിക്കുകയും ചെയ്യുന്ന അനുഭവം ഉടനീളം കാണുന്നു. "മനുഷ്യസ്നേഹിയായ കർത്താവേ! ഞങ്ങൾ ആത്മീയമായി വ്യത്യാസപ്പെട്ടു പരിപൂർണ്ണരാകുവാൻ കൃപ ചെയ്യണണമേ. ഔമ്യാവസ്ഥയിൽ നിന്നും സ്വർഗ്ഗീയാവസ്ഥയിലേക്കും ശാരീരികാവസ്ഥയിൽ നിന്നും ആത്മീയാവസ്ഥയിലേക്കും ആയി തീരുവാൻ ഞങ്ങളെ സഹായിക്കണമേ" എന്നാണ് പ്രഭാതത്തിലെ പ്രാരംഭ പ്രാർത്ഥന. നിന്റെ പുനരുത്ഥാനത്തിന്റെ മധുര രസത്താൽ ജഗത്തിന് നീ ആനന്ദം നൽകിയതുപോലെ നിന്റെ സ്വർഗ്ഗാരോഹണത്താൽ ഞങ്ങളെയും സ്വർഗ്ഗീയരാക്കി തീർക്കുവാൻ സഹായിക്കണമെ എന്ന പ്രാർത്ഥനയോടെയാണ് സ്വർഗ്ഗാരോഹണ പെരുന്നാളിലേക്ക് പ. സഭ നമ്മെ ഒരുക്കുന്നത്.

സ്വർഗ്ഗാരോഹണ പെരുന്നാൾ

മനുഷ്യാവതാര വ്യാപാരത്തിന്റെ പൂർത്തീകരണമാണല്ലൊ കർത്താവിന്റെ സ്വർഗ്ഗാരോഹണ പെരുന്നാളിൽ പ. സഭ ദർശിക്കുന്നത്. സ്വർഗ്ഗാരോഹണ പെരു

ന്നാളിന്റെ സന്ധ്യാനമസ്ക്കാരത്തിലെ പ്രുമിയോൻ സുന്ദരമായ ഭാഷയിൽ ഇക്കാര്യം പ്രതിപാദിക്കുന്നു: "അപരിമിതനും അവർണ്ണനീയനും പരിശോധന തീയനല്ലാത്തവനും താഴ്മയ്ക്കായി ഇറങ്ങി വന്ന് ഞങ്ങളെ തന്നോടൊന്നിച്ച് സ്വർഗ്ഗത്തിലേക്കു കരേറ്റി മേലുള്ള സൈന്യങ്ങൾക്ക് ഉപരിയായി ഉയർത്തി തന്റെ പിതാവിന്റെ വലത്തുഭാഗത്ത് ഇരുത്തിയ അത്യുന്നതനും സുഗ്രാഹ്യ മല്ലാത്ത തന്റെ ശക്തിയാൽ ഉയരങ്ങളിലേക്ക് കരേറിയവനും" എന്നിങ്ങനെ പോകുന്ന ആ പ്രാർത്ഥനയിൽ മേഘങ്ങൾ കർത്താവിനെ സ്വീകരിക്കുകയും വീണ്ടും കരേറുംതോറും സ്രാഫേന്മാരും ക്രൂബേന്മാരും മൗത്തുബെന്മാരും മോറാവോസെന്മാരും തന്നെ കൈകൊള്ളുകയും എല്ലാ സ്വർഗ്ഗീയഗണങ്ങളും ദൂതപ്രമുഖന്മാരും തന്നെ ബഹുമാനിക്കുകയും താൻ സ്വർഗ്ഗാധി സ്വർഗ്ഗങ്ങൾക്ക പ്പുറം കയറി അതിരില്ലാതെ മഹത്വത്തിൽ തന്റെ പിതാവിന്റെ വലതുഭാഗത്ത് ഉപവിഷ്ടനാവുകയും ചെയ്തപ്പോൾ സർവ്വ പ്രപഞ്ചവും ഉച്ചസ്വരത്തിൽ അവനെ വന്ദിച്ച് സ്തുതിച്ച് കർത്താവിന്റെ ബഹുമാനം എന്നും വാഴ്ത്തപ്പെട്ടതാകുന്നു വെന്ന് പാടി എന്ന് കാണുന്നു. തന്റെ ശക്തിമത്തായ ആ അന്തരീക്ഷത്തിൽ പ്രബലതയിലും ശ്രേഷ്ഠതയിലും നിന്നുകൊണ്ട് സ്വർഗ്ഗവും ഭൂമിയും തന്റെ മഹത്വംകൊണ്ട് നിറഞ്ഞിരിക്കുന്നവനെ അനവരതം സ്തുതിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ എന്നാണ് പ. സഭ പ്രാർത്ഥിക്കുന്നത്.

കർത്താവിന്റെ സ്വാർഗ്ഗാരോഹണത്തെ പ്രവചിക്കുകയും ധ്യാനിക്കുകയും ചെയ്യുന്ന വേദഭാഗങ്ങളാണ് പഴയ - പുതിയനിയമ വേദഭാഗങ്ങൾ എല്ലാംതന്നെ എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലൊ. ഇസ്രായേലിനെ ഫറവോന്റെ അടിമത്വ ത്തിൽ നിന്നും വിടുവിപ്പാൻ യഹോവ സ്വർഗ്ഗം തുറന്ന് കൽമഴ പെയ്യിക്കുന്ന ചിത്രമാണ് ആദ്യവായന ഭാഗം (ആവർത്തനം 9:26-10:5). തിന്മയെ ഇല്ലായ്മ ചെയ്യുവാനും നന്മയെ ഒഴുക്കുവാനുമായി ചരിത്രത്തിൽ സ്വർഗ്ഗം തുറക്കുന്നു വെന്ന് സാരം.

ശമുവേൽ ശൗലിനെ അഭിഷേകം ചെയ്യുന്ന സംഭവത്തിലൂടെ (1 ശമുവേൽ 9:15-10:1) ക്രിസ്തുവിൽ സർവ്വലോകവും നേടുന്ന അഭിഷേകത്തെ കുറിച്ചും നിത്യരക്ഷയെ കുറിച്ചും വർണ്ണിക്കുന്നതായി പിതാക്കന്മാർ കാണിക്കുന്നു. ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിൽ ഉണ്ടാകുന്ന മഹത്വ പൂർണ്ണതയെ കുറി ച്ചാണ് യെശയ്യാ പ്രവാചകനും (48:20-49:4) സംസാരിക്കുന്നത്.

വി. ലൂക്കോസ് ഏവൻഗേല്യസ്താ തന്റെ രണ്ടാം പുസ്തകമായ അപ്പോ സ്തോല പ്രവർത്തികൾ ആരംഭിക്കുന്നതു തന്നെ കർത്താവിന്റെ മഹത്വകര മായ സ്വർഗ്ഗാരോഹണത്തെക്കുറിച്ചുള്ള വിവരണത്തോടെയാണ്. തന്റെ ഒന്നാം പുസ്തകം യേശു തന്റെ അപ്പോസ്തലന്മാർക്കു പരിശുദ്ധാത്മാവിൽ കൊടുത്ത കല്പനയും സ്വർഗ്ഗാരോഹണം വരെയുള്ള ക്രിസ്തു സംഭവ വർണ്ണനയുമാ യിരുന്നുവെന്ന് ആമുഖ വാക്യം പറഞ്ഞുകൊണ്ടാണ് അദ്ദേഹം ആരംഭിക്കു ന്നത്. പരിശുദ്ധാത്മാവിനാലുള്ള സ്നാനം ലഭിക്കുന്നതുവരെയും നിങ്ങൾ യെരു ശലേമിൽ നിന്നും വാങ്ങിപ്പോകാതെ കാത്തിരിക്കണം എന്നും പരിശുദ്ധാത്മാവ് നിങ്ങളിൽ വരുമ്പോൾ നിങ്ങൾ ശക്തി പ്രാപിച്ചിട്ട് ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികളാകും എന്ന് കൽപിച്ചിട്ടാണ് അവർ കാൺകെ കർത്താവ് ആരോഹണം ചെയ്യുന്നത്. ആകാശത്തിലേക്ക് നോക്കി നിൽക്കുന്ന ശിഷ്യന്മാ രോട് യേശു സ്വർഗ്ഗത്തിലേക്ക് കരേറിയതുപോലെ അവൻ വീണ്ടും വരുമെന്ന വാഗ്ദാനം വെള്ള വസ്ത്രം ധരിച്ച രണ്ട് ദൂതന്മാർ അവർക്ക് നൽകുന്നു (അ. പ്രവ. 1:1-11).

എഫേസ്യരോടും (4:1-16) തീമോത്തിയോസിനോടും (1 തീമോത്തി. 3:16) പ. പൗലൂസ് ശ്ലീഹായും കർത്താവിന്റെ സ്വർഗ്ഗാരോഹണത്തെകുറിച്ച് വ്യാഖ്യാ നിച്ച് പറയുന്നുണ്ട്. സ്വർഗ്ഗത്തിലേക്ക് കയറി എന്നാൽ ഭൂമിയുടെ അഗാധത്തി ലേക്ക് ലോകത്തെ രക്ഷിപ്പാൻ ഇറങ്ങി എന്നും നമ്മെയും കയറ്റുവാനാണ് അവൻ കയറിയത് എന്നും ആകയാൽ അവന്റെ തേജസ്സാൽ നാമും തേജസ്സീ കരിക്കപ്പെട്ട് ഉയർത്തപ്പെടുമെന്നും അപ്പോസ്തോലൻ വിശ്വാസ സമൂഹത്തെ പഠിപ്പിക്കുന്നു.

"നമ്മുടെ രക്ഷയ്ക്കുവേണ്ടി വന്നവനും നമ്മുടെ പുനരുത്ഥാനത്തിനും നിത്യ മായ രക്ഷയ്ക്കും വേണ്ടി വരുവാനിരിക്കുന്നവനുമായ" കർത്താവിന്റെ മഹത്വ കരമായ സ്വർഗ്ഗാരോഹണത്തെ ഒരിക്കൽ കൂടെ അനുഭവിക്കുവാനും "കർ ത്താവേ വേഗം വരണമെ" എന്ന് പ്രാർത്ഥിക്കുവാനും നമ്മെയും ചേർക്കുന്ന ആ വലിയ ദിനത്തെ നോക്കി പാർക്കുവാനും ദൈവത്തിന്റെ പരിശുദ്ധ റൂഹാ നമ്മെ സഹായിക്കട്ടെ!



അഖില മലങ്കര ഓർത്തോഡോക്സ് ശുശ്രൂഷക സംഘം തിരുവനന്ത പുരം ഭദ്രാസന വാർഷിക സമ്മേളനം 14-05-2022-ൽ തിരുവനന്തപുരം പാളയം സെന്റ് ജോർജ് ഓർത്തോഡോക്സ് കത്തീഡ്രലിൽ നടന്നു. ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ സമ്മേളനം ഉദ്ഘാ ടനം ചെയ്ത് അനുഗ്രഹ പ്രഭാഷണം നടത്തി.



ദക്ഷിണ കന്നഡ ചെസ് അസോസിയേഷൻ മംഗളു രുവിൽ സംഘടിപ്പിച്ച ദേശീയ ഓപ്പൺ ഫിഡെ റാപിഡ് റേറ്റഡ് ചെസ് ടൂർണമെന്റിൽ ആൺകുട്ടിക ളുടെ അണ്ടർ 15 വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ തരുൺ ജോർജ് കോര. കോട്ടയം ചെസ് അക്കാദമി അംഗമാണ്. തോട്ടയ്ക്കാട് ഓലിക്കര മാങ്കുടിയിൽ സലിൻ തോമസ് - അനു ജോർജ് ദമ്പ തികളുടെ മകനാണ്. തോട്ടയ്ക്കാട് മാർ അപ്രം ഇട വകാംഗം.



എം. കെ. സാനു മാസ്റ്ററെ സന്ദർശിച്ചു

എറണാകുളം: ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് പ്രൊഫ. എം. കെ. സാനു മാസ്റ്ററെ എറണാകുളത്തെ വീട്ടിലെത്തി സന്ദർശിച്ചു. പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുമായുണ്ടായിരുന്ന ഊഷ്മള ബന്ധത്തെക്കു റിച്ചുള്ള ഓർമ്മകൾ സാനു മാസ്റ്റർ പങ്കുവെച്ചു. കോവിഡ് ബാധക്ക് ശേഷം വിശ്രമജീവിതം നയിച്ചു വരുന്ന സാനു മാസ്റ്റർക്ക് മാർ യൂലിയോസ് ആയുരാ രോഗ്യ സൗഖ്യം ആശംസിച്ചു. തന്നെ സന്ദർശിച്ച തിലുള്ള നന്ദി സാനു മാസ്റ്റർ അറിയിച്ചു.

പ്രാർത്ഥന എന്നത് ശൈശവത്തിലെ ഉത്സാഹവും യൗവ്വനത്തിലെ ആശ്രയവും വാർദ്ധക്യത്തിലെ സമാധാനവുമാകുന്നു. ദൈവത്തെ അറിഞ്ഞിട്ടും കൈമ ലർത്തി തങ്ങൾക്കും തങ്ങൾ ഇഷ്ടപ്പെടുന്ന വർക്കും വേണ്ടി പ്രാർത്ഥിക്കുകയി ല്ലെങ്കിൽ എങ്ങനെയാണ് മനുഷ്യനെ, ഭാവി ലേശം പോലും അറിയാതെ ജീവി ക്കുന്ന ബുദ്ധി ഹീനങ്ങളായ ജന്തുക്കളേക്കാൾ ശ്രേഷ്ഠനാണെന്നു പറയുന്നത്?

- പ. പരുമല തിരുമേനി

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ലേഖനം

പരിശുദ്ധാത്മാവേ, പ്രകാശിപ്പിക്കേണമേ!

ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്



ദൈവപുത്രൻ മനുഷ്യനായിത്തീർന്നത് പരിശുദ്ധാത്മാവിനെ നമുക്ക് നൽകാനായിരുന്നു എന്ന് പൗരസ്ത്യ സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു. കാര്യസ്ഥനും ആശ്വാസപ്രദനുമായ പരിശുദ്ധാത്മാവ് എന്നും നമ്മോടൊപ്പം വസിച്ച് നമുക്കുവേണ്ടി പക്ഷവാദം ചെയ്യുകയും നമ്മെ വഴിനടത്തുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിനെ സഭയ്ക്ക് വരദാനമായി നൽകുന്ന അതിപ്രധാനമായ പെന്തിക്കോസ്തി സംഭവത്തെ ക്രിസ്തു സംഭവവുമായി ബന്ധിപ്പിച്ച് പിതാക്കന്മാർ കാണുകയും സഭയിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിന് സുപ്രധാനമായ സ്ഥാനം കൽപ്പിക്കുകയും ചെയ്തിരിക്കുന്നു.

പെന്തിക്കോസ്തി എന്ന വാക്കിന്റെ അർത്ഥം 'അമ്പതാമത്തേത്' എന്നാണല്ലോ. ഉയിർപ്പു പെരുന്നാൾ കഴിഞ്ഞ് അമ്പതാം ദിവസം പെന്തിക്കോസ്തിപ്പെരുന്നാൾ ആണ്. യഹൂദർക്ക് പെസഹാ കഴിഞ്ഞ് അമ്പതാം ദിവസം പെന്തിക്കോസ്തിപ്പെരുന്നാൾ ആയിരുന്നു. പഴയനിയമ കാലത്ത് പെന്തിക്കോസ്തി, 'കൊയ്ത്തുപെരുന്നാൾ' (പുറ. 23:16) അത്രെ. വാരോത്സവം (പുറ. 34:22, ആവ. 16:10) എന്നും ആദ്യഫലപ്പെരുന്നാൾ (പുറ. 34:22, സംഖ്യ 28:26) എന്നും ഇതിനെ വിളിച്ചിരുന്നു. കർത്താവിന്റെ കാലമാകുമ്പോഴേക്കും യഹോവ യിസ്രായേലിനോട് ചെയ്ത ഉടമ്പടി പുതുക്കുന്ന പെരുന്നാളായി പെന്തിക്കോസ്തി രൂപാന്തരപ്പെട്ടു. ഉടമ്പടിയിൽ നിലനിൽക്കുന്നതിന് നിയാമകമായ പ്രമാണമാണ് സീനായ് മലയിൽ വച്ച് മോശ മുഖാന്തിരം നൽകിയ ന്യായപ്രമാണം (നിയമം). ആയതിനാൽ, ദൈവം മോശയിലൂടെ ന്യായപ്രമാണം നൽകിയതിന്റെ ഓർമ്മ പുതുക്കുന്നതിന്റെ പെരുന്നാളായും പെന്തിക്കോസ്തിക്ക് പ്രാധാന്യം ലഭിച്ചു. പുതിയനിയമത്തിൽ പെന്തിക്കോസ്തിക്ക് പുതിയ ഒരു അർത്ഥം കൈവന്നിട്ടുണ്ട്. ക്രിസ്തുവിലൂടെ സംസ്ഥാപിതമായ പുതിയ ഉടമ്പടിയിൽ നിലനിൽക്കാൻ ദൈവമക്കൾക്ക് പ്രമാണമായി ലഭിച്ചത് ഒരു പുതിയ ന്യായപ്രമാണമല്ല. പരിശുദ്ധ ത്രിത്വത്തിൽ മൂന്നാമനായ പരിശുദ്ധാത്മാവിനെത്തന്നെ ആയിരുന്നു. നിയമത്തിന് (ന്യായപ്രമാണത്തിന്) വിധി നിഷേധങ്ങളിലൂടെ പുറമേ നിന്ന് മനുഷ്യന് നിർദ്ദേശങ്ങൾ നൽകാനേ നിർവാഹമുള്ളൂ. എന്നാൽ പരിശുദ്ധാത്മാവ് ഉള്ളിൽ നിവസിച്ച് ദൈവമക്കളെ നിരന്തരം ശുദ്ധീകരണത്തിലേക്കും പ്രകാശത്തിലേക്കും തേജസ്സിലേക്കും വഴി നടത്തുന്നു. പരിശുദ്ധാത്മാവിന്റെ നിവാസവും നടത്തിപ്പും നമ്മിൽ പുതുക്കുന്നതിന് പ്രാർത്ഥിക്കുകയാണ് കാത്തിരിപ്പു കാലത്തിൽ.

പരിശുദ്ധാത്മാവെന്ന അഗ്നിയും ദീപവും

പരിശുദ്ധാത്മാവിനെ അഗ്നിയായും ദീപമായും വേദപുസ്തകത്തിൽ ചിത്രീകരിച്ചിട്ടുണ്ട്. അഗ്നിയും ദീപവും അന്ധകാരത്തെ അകറ്റി ചുറ്റും ഒരു തേജോവലയം സൃഷ്ടിക്കുന്നു. പരിശുദ്ധാത്മാവ് നിവസിക്കുന്ന വ്യക്തി വിശുദ്ധിയും പ്രകാശവും സ്വീകരിച്ച് ദൈവതേജസ്സു ധരിക്കുന്നു. പരിശുദ്ധാത്മാവാം ദൈവം അഗ്നിയായി, ദീപമായി നമ്മിൽ നിവസിച്ച് തേജസ്സിലേക്ക് നടത്താൻ പരിശുദ്ധാത്മാവിനോട് നാം പ്രത്യേകം കാത്തിരിപ്പു നാളുകളിൽ പ്രാർത്ഥിക്കുന്നു.

പരിശുദ്ധാത്മാവാകുന്ന അഗ്നി

ക്രിസ്തു നൽകുന്ന സ്നാനത്തെപ്പറ്റി യോഹന്നാൻ സ്നാപകൻ നൽകുന്ന സാക്ഷ്യം പരിശുദ്ധാത്മാവിനെ അഗ്നിയായി കാണുന്നതിന് ഉദാഹരണമാണ്: "അവൻ നിങ്ങളെ പരിശുദ്ധാത്മാവിലും തീയിലും സ്നാനം ഏൽപ്പിക്കും" (മത്തായി. 3:11, ലൂക്കോ. 3:16). ഇവിടെ അഗ്നിയും ആത്മാവും ഒന്നു തന്നെ. വേദപുസ്തക ഭാഷകളിൽ (സംസ്കൃതത്തിലും) ആത്മാവ് എന്ന പദത്തിന് കാറ്റ് എന്ന് അർത്ഥമുണ്ട്. പരിശുദ്ധാത്മാവ് അഗ്നിയുടെ കാറ്റാണ്. വിശുദ്ധസ്നാനത്തിൽ അഗ്നിക്കാറ്റായി വന്ന് പരിശുദ്ധാത്മാവ് സഭയെ അഭിഷേകം ചെയ്യുന്നു.

പെന്തിക്കോസ്തി ദിവസം പരിശുദ്ധാത്മാവിന്റെ അഭിഷേകം ലഭിച്ച് പുതിയ സഭ പിറന്നു. പെന്തിക്കോസ്തി നാളിൽ സഭ മുഴുവനും മാളികയിൽ സമ്മേളിച്ചിരിക്കുകയായിരുന്നു. "പെട്ടെന്ന് കൊടിയ കാറ്റടിക്കുന്നതുപോലെ" അവർക്ക് അനുഭവപ്പെട്ടു. "അഗ്നിജ്വാല പോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു. എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി..." (അപ്പോ. 2:1-3). ഇവിടെ അഗ്നി കൊടിയ കാറ്റായി വന്ന് ആദിമസഭയുടെ മേൽ പതിയുകയായിരുന്നു.

പരിശുദ്ധാത്മാവാകുന്ന ദീപം

അഗ്നിയുടെ തന്നെ മറ്റൊരു രൂപമാണ് ദീപം. അഗ്നി, ദീപം കൂടിയാണല്ലോ. വിളക്കായി പരിശുദ്ധാത്മാവ് വെളിച്ചം നൽകുന്നു. സഖര്യാ പ്രവാചകനുണ്ടായ ദർശനത്തിൽ രണ്ടു ഒലിവുമരങ്ങളുടെ നടുവിൽ ജ്വലിച്ചു നില്ക്കുന്ന ഏഴു വിളക്കുകൾ പരിശുദ്ധാത്മാവിന്റെ പ്രതീകമാണ്. "ഇത് എന്താകുന്നു" എന്ന ചോദ്യത്തിന് ദൂതൻ നൽകുന്ന ഉത്തരം ശ്രദ്ധേയമാണ്. "സൈന്യത്താലല്ല, ശക്തിയാലുമല്ല, എന്റെ ആത്മാവിനാലത്രെ എന്ന് സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു" (സഖ. 4:6). ദേവാലയ നിർമ്മാണം പൂർത്തീകരിക്കുന്നതിന് വിലങ്ങടിച്ചു നിൽക്കുന്ന പ്രതികൂലതയുടെ കുന്ന് സമഭൂമിയായിത്തീരും. "കൃപ, കൃപ" എന്ന ആർപ്പോടെ ആണിക്കല്ലു കയറ്റുവാൻ യഹോവയുടെ അഭിഷിക്തനായ സെരുബ്ബാബേലിന് ശക്തി ലഭിക്കും (4:7). യറുശലേം ദേവാലയത്തിന്റെ നടുവിൽ സ്ഥാപിതമായിരിക്കുന്ന ഏഴു ശാഖകളുള്ള വിളക്ക് ദൈവസാന്നിധ്യത്തെ സൂചിപ്പിക്കുന്നു. ദൈവസാന്നിധ്യം ദൈവജനത്തിന് വെളിച്ചമായി പകർന്നുകൊടുക്കുന്നത് പരിശുദ്ധാത്മാവായ ദീപമാണ്. ദൈവസാന്നിദ്ധ്യം ദൈവത്തിന്റെ രക്ഷാകരമായ സാന്നിധ്യമാണ്. ഇതിലേക്ക്

ദൈവമക്കളെ വഴിനടത്തുന്നത് പരിശുദ്ധാത്മാവാകുന്ന വിളക്കത്രെ. സഭ പണിയപ്പെടുന്നതിനും നിലനിൽക്കുന്നതിനും പരിശുദ്ധാത്മാവാകുന്ന വെളിച്ചം വേണം.

പരിശുദ്ധാത്മാവിനെ ദീപമായിക്കാണുന്ന പല സന്ദർഭങ്ങളും പുതിയ നിയമത്തിലുണ്ട്. വിശുദ്ധ യോഹന്നാനുണ്ടായ വെളിപാടിൽ “ദൈവത്തിന്റെ ഏഴ് ആത്മാക്കളായ ഏഴ് ദീപങ്ങൾ” പിതാവാം ദൈവത്തിന്റെ സിംഹാസനത്തിനു മുമ്പിൽ ജ്വലിച്ചുകൊണ്ടിരിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു (വെളി. 4:5). ഇവിടെ “ഏഴ്” എന്ന സംഖ്യ പൂർണ്ണതയെ കുറിക്കുന്നു. പരിശുദ്ധാത്മാവിന്റെ പൂർണ്ണ സാന്നിദ്ധ്യം സൂചിതമായിരിക്കുന്നു. പരിശുദ്ധാത്മാവിനെ വിളക്കായി ചിത്രീകരിക്കുമ്പോൾ ദേവാലയത്തിലെ ഏഴു ശാഖകളുള്ള വിളക്ക് പശ്ചാത്തലത്തിൽ ഉണ്ട്. ഏഴ് ശാഖകൾ ഉണ്ടെങ്കിലും അത് ഒരു വിളക്ക് തന്നെയാണല്ലോ. ചുറ്റും നിറഞ്ഞ് പ്രകാശിക്കുന്ന ദീപസമാനം പരിശുദ്ധാത്മാവിന്റെ സാന്നിധ്യം പിതാവാംദൈവത്തിന്റെ സിംഹാസനത്തിനു മുമ്പിൽ ജ്വലിച്ചു നിൽക്കുന്നു.

രണ്ടു ഭാഗങ്ങളിൽ പരിശുദ്ധാത്മാവിനെ ദീപമായി വിശുദ്ധ പൗലോസ് സങ്കൽപ്പിക്കുന്നുണ്ട്. 1. തെസ്സ 5:9-ൽ “ആത്മാവിനെ കെടുക്കരുത്” എന്ന് പറഞ്ഞിരിക്കുന്നു. ഈ പരിഭാഷ മൂലത്തിലെ അർത്ഥം വേണ്ടവണ്ണം സംവേദിക്കുന്നില്ല. “കെടുക്കരുത്” എന്ന പദത്തിന് സമാനമായി മൂലഭാഷയായ ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്ന വാക്കിന് “ഊതിക്കെടുത്തുക” (Put out, extinguish) എന്നാണർത്ഥം. ‘‘ആത്മാവിനെ ഊതിക്കെടുത്തരുത്’’ എന്ന് പരിഭാഷപ്പെടുത്തണം. ആത്മാവാകുന്ന ദീപത്തെ ഊതിക്കെടുത്താതെ ജ്വലിച്ചു പ്രകാശിക്കുവാൻ അനുവദിക്കണം എന്നാണ് പൗലോസ് നൽകുന്ന പ്രബോധനത്തിന്റെ പൊരുൾ. 2 തിമോ. 1:6-ൽ വി. പൗലോസ് തീമോത്തിയോസിനെ പ്രബോധിപ്പിക്കുന്നു: “എന്റെ കൈവെപ്പിനാൽ നിന്നിലുള്ള ദൈവത്തിന്റെ കൃപാവരം ജ്വലിപ്പിക്കണം.” കൈവെയ്പ്പിലൂടെ ലഭിച്ച പരിശുദ്ധാത്മാവിന്റെ കൃപാവരത്തെക്കുറിച്ചാണ് ഇവിടെ ഉദ്ദേശിക്കുന്നതെന്ന് തുടർന്നു വരുന്ന വാക്യത്തിൽ നിന്നും വ്യക്തമാകുന്നുണ്ട്. “ജ്വലിപ്പിക്കണം” എന്ന പദത്തിന് മൂലഭാഷയിലുള്ള വാക്കിനു പിമ്പിലുള്ള സങ്കൽപം, മങ്ങിത്തുടങ്ങുന്ന ദീപം എണ്ണ പകർന്ന് വീണ്ടും ജ്വലിപ്പിച്ചു നിർത്തണം എന്നത്രെ. ഇവിടെയും പരിശുദ്ധാത്മാവിനെ ദീപമായി സങ്കല്പിച്ചിരിക്കുന്നു.

തേജസ്സിന്റെ ആത്മാവ്

1 പത്രോ. 4:14-ൽ “മഹത്വത്തിന്റെ ആത്മാവായ പരിശുദ്ധാത്മാവ് നിങ്ങളുടെ ഉള്ളിൽ വസിക്കുന്നു” എന്ന് പറഞ്ഞിരിക്കുന്നു. ഇവിടെ ‘മഹത്വം’ എന്നതിനേക്കാൾ ഉത്തമം ‘തേജസ്സ്” എന്ന പരിഭാഷയത്രെ. ദൈവം ആദാമിനെ സൃഷ്ടിച്ചപ്പോൾ അഭൗമികമായ തേജസ്സ് അവനെ വലയം ചെയ്തിരുന്നു. എന്നാൽ പാപം ചെയ്തപ്പോൾ തേജസ്സു നഷ്ടമായിത്തീർന്നു. വീണ്ടും മനുഷ്യകുലത്തെ തേജസ്സിലേക്ക് നടത്തുന്ന പുതിയനിയമത്തിന്റെ ശുശ്രൂഷയുടെ മുഖ്യപരികർമ്മി പരിശുദ്ധാത്മാവത്രെ. പഴയനിയമ ശുശ്രൂഷയ്ക്ക് തേജസ്സ് ഉണ്ടായിരുന്നു. മോശയുടെ മുഖത്തു തെളിഞ്ഞ തേജസ്സ് നിയമത്തിന്റെ ശുശ്രൂഷയുടെ തേജസ്സ് ആയിരുന്നു. എന്നാൽ ആത്മാവിന്റെ ശുശ്രൂഷയുടെ ഫലമായി മനുഷ്യരാശിക്ക് നൽകപ്പെടുന്ന തേജസ്സിന്റെ അനുഭവം നിയമത്തിന്റെ ശുശ്രൂഷ നൽകുന്ന തേജസ്സുമായി തട്ടിച്ചുനോക്കുവാൻ പോലും കഴിയാതെവണ്ണം അത്രയ്ക്ക് ശ്രേഷ്ഠമത്രെ (2 കൊരി. 3:11). പാപത്താൽ തേജസ്സു നഷ്ടപ്പെട്ട മനുഷ്യരാശിയെ ദൈവതേജസ്സിലേക്ക് നയിക്കുന്ന പുതിയനിയമത്തിന്റെ നടത്തിപ്പുകാരനായ പരിശുദ്ധാത്മാവിന് ‘തേജസ്സിന്റെ ആത്മാവ്’ എന്ന വിശേഷണം യുക്തമായിരിക്കുന്നു.


പരിശുദ്ധാത്മ നിറവിലേക്ക്

അഗ്നി, ദീപം, തേജസ്സ് ഇവ മൂന്നും പരസ്പരം ബന്ധമുള്ള പദങ്ങളത്രെ. അഗ്നി, ദീപമായും തേജസ്സായും കാണുന്നു. അഗ്നി ശുദ്ധീകരിക്കുന്നു. അശുദ്ധിയിൽ നിന്നുള്ള ശുദ്ധീകരണം എന്ന ആശയമാണ് അഗ്നിയോടു ചേർന്നുവരുന്നത്. അന്ധകാരം അകറ്റുന്ന പ്രകാശം എന്ന ആശയം ദീപത്തോടു ചേർന്നും വരുന്നു. ശുദ്ധീകരണവും വെളിച്ചവും ലഭിച്ച വ്യക്തിയെ വലയം ചെയ്യുന്നതാണ് തേജസ്സ്. പരിശുദ്ധാത്മാവ് നമ്മെ ശുദ്ധീകരിച്ച് പ്രകാശിപ്പിച്ച് തേജസ്സണിയിക്കുന്നു.

സ്നാനത്തിൽ പരിശുദ്ധാത്മാവിനെ പ്രാപിച്ച നാം ഇനിയും പരിശുദ്ധാത്മ നിറവിനായി കാത്തിരിക്കണമോ? അശുദ്ധി കടന്നുകൂടാനുള്ള സാധ്യത ലോകത്തിലായിരിക്കുന്നിടത്തോളം നമുക്കുണ്ട്. അശുദ്ധി പരിശുദ്ധാത്മാവിനെ അകറ്റും. ശുദ്ധീകരണത്തിൽ വളരുന്തോറും പരിശുദ്ധാത്മ സാന്നിദ്ധ്യം നിറഞ്ഞു വരും. പരിശുദ്ധാത്മ നിറവിൽ നിലനിൽക്കുവാൻ നാം നിരന്തരം പരിശ്രമിക്കുകയും പ്രാർത്ഥിക്കുകയും വേണം.

“ദൈവമേ, നിർമ്മലമായൊരു ഹൃദയം എന്നിൽ സൃഷ്ടിച്ച് സ്ഥിരമായൊരാത്മാവിനെ എന്നിൽ പുതുക്കേണമേ” എന്ന് സങ്കീർത്തനക്കാരനോടൊപ്പം (51:10) നാമും പ്രാർത്ഥിച്ച് പരിശുദ്ധാത്മ നിറവിനായി കാത്തിരിക്കാം.

◆



ഫാ. അലക്സാണ്ടർ കുര്യന് ഡബ്ല്യുഎംസി അമേരിക്ക റീജിയൻ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്

ന്യൂജഴ്സി: ന്യൂജഴ്സിയിൽ അരങ്ങേറുന്ന വേൾഡ് മലയാളി കൗൺസിൽ അമേരിക്ക റീജിയൻ കോൺഫറൻസ് പൊതു ചടങ്ങിൽ ഫാ. ഡോ. അലക്സാണ്ടർ കുര്യനെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നൽകി ആദരിക്കും.

ഫാ. ഡോ. അലക്സാണ്ടർ കുരിയൻ വാഷിങ്ടണിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ സീനിയർ വൈദികനായി സേവനം അനുഷ്ഠിച്ചു വരുന്നു. ആൽമീയ പ്രവർത്തനങ്ങളോടൊപ്പം സാമൂഹ്യസേവന പ്രവർത്തനങ്ങളും ഒരു പോലെ നടത്തുന്നു. ഒരു സീനിയർ മാനേജ്മെന്റ് കൺസൾട്ടന്റായി 1998 വരെ 14 വർഷം പ്രവർത്തിച്ച ശേഷം അദ്ദേഹം അമേരിക്കൻ ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റേറ്റിൽ സ്ട്രാറ്റജിക് പ്ലാനിംഗ് ഡയറക്ടർ ആയി ആദ്യ ഇന്ത്യൻ വംശജൻ ആയി 2014 വരെ സേവനം അനുഷ്ഠിച്ചു. പതിനെട്ടോളം ഡിപ്പാർട്ട്മെന്റുകളുടെ രാജ്യാന്തര പ്രോഗ്രാമുകൾക്കു മേൽനോട്ടം വഹിച്ചു. കൂടാതെ 147 രാജ്യങ്ങൾ സന്ദർശിച്ചു 138 ഓളം പുതിയ അമേരിക്കൻ എംബസ്സികളും കോൺസുലേറ്റുകളും സൃഷ്ടിക്കുന്നതിൽ പങ്കാളിയായി. 15 മാസത്തോളം ഇറാക്കിലും 18 മാസത്തോളം അഫ്ഗാനിസ്ഥാനിലും യുദ്ധ കാലയളവിൽ പോലും താമസിച്ചു പ്രവർത്തനങ്ങൾ കാഴ്ച വച്ചു. പ്രസിഡന്റ് ട്രംപിന്റെ ഭരണ കാലത്ത് അദ്ദേഹം എക്സിക്യൂട്ടീവ് ഡയറക്ടർ ഓഫ് റിയൽ പ്രോപ്പർട്ടി കൗൺസിൽ ആയി നിയമിതനായി. ഇപ്പോൾ പ്രസിഡന്റ് ബൈഡൻ അഡ്മിനിസ്ട്രേഷനിൽ സീനിയർ എക്സിക്യൂട്ടീവ് ആയി അഡ്മിനിസ്ട്രേഷൻ ഗവൺമെന്റ് വൈഡ് പോളിസിസ് ആൻഡ് പ്രയോറിറ്റിസ് വിഭാഗത്തിൽ സേവനം അനുഷ്ഠിച്ചു വരുന്നു.



ബാലസമാജം മാവേലിക്കര ഭദ്രാസന വാർഷിക സമ്മേളനം കേന്ദ്ര പ്രസിഡന്റ് അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു.

സഭാപിതാക്കന്മാർ

മൗനത്തിന്റെ ലാവണ്യം

പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ്
ദ്വിതീയൻ കാതോലിക്കാ ബാവ

നാൽപ്പത് സംവത്സരം മലങ്കരസഭയെ നയിച്ച പ. ദിദിമോസ് പ്രഥമൻ വലിയ ബാവായുടെ വേർപാട് വലിയ നഷ്ടമാണ് നമുക്കു വരുത്തിയിരിക്കുന്നത്. വ്യക്തിപരമായി എനിക്ക് അനേകം അനുഭവങ്ങൾ പങ്കുവെയ്ക്കാനുണ്ട്. രണ്ട് സങ്കടങ്ങൾ മനസ്സിൽ നിറയുന്നു. ഒന്ന് പഴയ തലമുറയുടെ അവസാന കണ്ണിയായി വലിയ ബാവായെ കാണുന്നു. 1966-ൽ യോജിച്ച സഭയുടെ കോലഞ്ചേരിയിൽ വാഴിക്കപ്പെട്ട മൂന്ന് മെത്രാപ്പോലീത്താമാരിൽ ഇളയപിതാവാണ് പരിശുദ്ധ ബാവാ തിരുമേനി. സഭയിലെ സുവർണ്ണ കാലഘട്ടവും ശാശ്വത സമാധാനവും നിറഞ്ഞുനിന്ന സംവത്സരവുമായിരുന്നു 1966. പ്രാർത്ഥനയാണ് ജീവിതത്തിന്റെ ബലം എന്ന് വിശ്വസിക്കുന്ന പഴയ തലമുറയുടെ കണ്ണിയാണ് അദ്ദേഹം. ഞങ്ങളുടെ പ്രാർത്ഥനകളേക്കാൾ വലിയ ബാവായുടെ പ്രാർത്ഥനയ്ക്ക് കൂടുതൽ ആഴവും ശക്തിയും ഉണ്ട് എന്ന് അനുഭവത്തിലൂടെ പറയുവാൻ സാധിക്കും.



ഓർമ്മപെരുന്നാൾ മെയ് 26-ന്
പത്തനാപുരം മൗണ്ട് താബോർ ദയറായിൽ.

ജീവിതം പ്രാർത്ഥനയാക്കി മാറ്റിയ വലിയ ബാവായെപ്പോലുള്ള പ്രാർത്ഥനാജീവിതം സഭയ്ക്ക് അന്യം നിന്നുപോകുന്നതാണ് എന്റെ സങ്കടം. രണ്ടാമത്തെ എന്റെ വേദനയുടെ കാരണം, സഭയുടെ സുപ്രധാന കാര്യങ്ങൾക്ക് പോകുമ്പോൾ വലിയ പിതാവ് എന്റെ ശിരസ്സിൽ കൈവെച്ച് പ്രാർത്ഥിച്ചാണ് അയയ്ക്കാറ്. ആ കാര്യങ്ങളൊക്കെ നിറവേറ്റാൻ ദൈവം അനുഗ്രഹിച്ചു. വലിയ ബാവായുടെ പ്രാർത്ഥനയുടെ വലിയ ശക്തി സഭയുടെ എല്ലാ കാര്യങ്ങളിലും അനുഭവിച്ച് അറിയുന്നതിന് സാധിച്ചു. ഈ വലിയ നഷ്ടം എന്റെ സങ്കടത്തെ വർദ്ധിപ്പിക്കുന്നു. സ്ഥാനത്യാഗത്തിലൂടെ ജീവിതത്തെ കൂടുതൽ പ്രാർത്ഥനാനിരതമാക്കി. ഒരുക്കത്തോടെ ദൈവസന്നിധിയിലേക്ക് യാത്രയാകാൻ പ്രാർത്ഥനയോടെ ജീവിതത്തെ ഒരുക്കി. മൗനതയിൽ ദൈവത്തോട് സംസാരിക്കുന്നതിന് വലിയബാവാ ഏറെ ഇഷ്ടപ്പെട്ടിരുന്നു. അതുകൊണ്ട് തന്നെ ആത്മീയതയ്ക്ക് പുതിയ നിർവചനം പിതാവ് നൽകി. ഈ പ്രാർത്ഥനാജീവിതം നമ്മിൽ നിന്ന് പറന്നുപോകുമ്പോൾ നമ്മുടെ ഇടയിലെ വലിയ വിടവ് എന്റെ മനസ്സിൽ സങ്കടമായി മാറുന്നു.

ലോകം അസാധ്യം എന്ന് പറയുമ്പോൾ എല്ലാം സാധ്യം എന്ന് ദൈവത്തോട് ചേർന്ന് ഈ പിതാവിന്റെ ജീവിതം നമ്മോട് പറയുന്നു. ആശ്രമങ്ങൾ അനവധി ഉണ്ടെങ്കിലും യഥാർത്ഥ സന്യാസിമാർ കുറവാണ്. ധനവാന്മാർ ഉണ്ടെങ്കിലും ധന്യരായവർ കുറവാണ്. സമ്പന്നരുണ്ടെങ്കിലും സന്തുഷ്ടരായവർ കുറവാണ്. ഉത്തമ സന്യാസിമാർ ആത്മീയ ഊർജ്ജ സ്രോതസ്സാണ്. ദിദിമോസ് വലിയ ബാവാ നമ്മുടെ ആത്മീയ ഊർജ്ജ സ്രോതസ്സാണ്. സന്യാസജീവിതത്തിലൂടെ ധന്യതയും സന്തുഷ്ടിയും കൈവരിക്കാനുള്ള ഉത്തമ ഉദാഹരണമാണ് നമ്മുടെ പിതാവ്. നമുക്ക് വലിയ പിതാവിനെ തന്ന ദൈവത്തിന് നന്ദി പറയാം. മുമ്പേ കടന്നുപോയ പിതാക്കന്മാരോട് ചേർന്ന് നമുക്ക് പരിശുദ്ധ ദിദിമോസ് പ്രഥമൻ വലിയ ബാവാ നമുക്കുവേണ്ടി സഭയ്ക്ക് മുഴുവനായും പ്രാർത്ഥനയും അനുഗ്രഹവുമായി തീരട്ടെ. ❑





മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വേദപുസ്തക പഠനം

വി. ഗ്രന്ഥത്തിലൂടെ ഒരു തീർത്ഥാടനം



ഫീലിപ്പോസ് റമ്പാൻ (ജ്യോതിസ് ആശ്രമം)

അങ്ങനെ അബ്രഹാമിന്റെ ദാസൻ റിബെക്കയെ അവളുടെ ഭവനത്തിൽ നിന്നും യാക്കോബിന്റെ അടുക്കലേക്ക് കൂട്ടിക്കൊണ്ടുപോയി. യാക്കോബ് തല പൊക്കി നോക്കിയപ്പോൾ ഒട്ടകങ്ങൾ വരുന്നതു കണ്ടു. റിബെക്കയും തല പൊക്കി യിസ്ഹാക്കിനെ കണ്ടു ഒട്ടകപുറത്തുനിന്നു ഇറങ്ങി. അവൾ ദാസ നോടു, നമ്മെ എതിരേറ്റു വരുന്ന പുരുഷൻ ആരാണെന്നു ചോദിച്ചപ്പോൾ അവൻ അത് എന്റെ യജമാനൻ എന്നു പറഞ്ഞപ്പോൾ അവൾ ഒരു മൂടുപടം എടുത്തു മൂടി. യിസ്ഹാക്കിന്റെ അടുക്കൽ എത്തിയപ്പോൾ റിബെക്കയെ കണ്ടുമുട്ടിയ വിവരങ്ങളെല്ലാം ആ ദാസൻ തന്റെ യജമാനനോടു വിവരിച്ചു പറഞ്ഞു. യിസ്ഹാക്ക് അവളെ തന്റെ അമ്മയായ സാറായുടെ കൂടാരത്തിൽ കൂട്ടക്കൊണ്ടു പോയി.

യിസ്ഹാക്കിനു നാല്പതു വയസായപ്പോൾ അവൻ പദ്ദൻആരാമിൽ നിന്ന് തന്റെ പിതാവിന്റെ ഭൃത്യൻ കൂട്ടിക്കൊണ്ടു വന്ന ആരാമ്യനായ ബെഥുവേലിന്റെ പുത്രിയും ആരാമ്യനായ ലാബാന്റെ സഹോദരിയുമായ റിബെക്കയെ ഭാര്യ യായി സ്വീകരിച്ചു. തന്റെ ഭാര്യയായ റിബെക്ക മച്ചിയായിരുന്നു. യിസ്ഹാക്ക് അവൾക്ക് വേണ്ടി യഹോവയായ ദൈവത്തോടു പ്രാർത്ഥിച്ചു. യഹോവ അവന്റെ പ്രാർത്ഥന കേട്ടു. റിബെക്ക ഗർഭം ധരിച്ചു. അവൾക്ക് പ്രസവകാലം തികഞ്ഞ പ്പോൾ ഇരട്ട പിള്ളകൾ അവളുടെ ഗർഭത്തിൽ ഉണ്ടായിരുന്നു. ഒന്നാമത്തവൻ ചുമന്നവനായി പുറത്തു വന്നു. അവന്റെമേൽ മുഴുവനും രോമം കൊണ്ടുള്ള വസ്ത്രംപോലെ ഇരുന്നു. അവന് ഏശാവ് എന്ന് പേരിട്ടു. പിന്നെ അവന്റെ സഹോദരൻ പുറത്തു വന്നു. അവന്റെ കൈ ഏശാവിന്റെ കുതികാൽ പിടിച്ചി രുന്നു. അവനു യാക്കോബ് എന്ന് പേരിട്ടു. റിബെക്ക യിസ്ഹാക്കിനു മക്കളെ പ്രസവിച്ചപ്പോൾ അവന് അറുപത് വയസായിരുന്നു. കുട്ടികൾ വളർന്നു. ഏശാവ് വേട്ടയിൽ സമർത്ഥനും വനസഞ്ചാരിയും, യാക്കോബ് സാധുശീലനും കൂടാര വാസിയും ആയിരുന്നു. ഏശാവിന്റെ വേട്ടയിറച്ചിയിൽ രുചി പിടിച്ചിരുന്നതു കൊണ്ട് യിസ്ഹാക്ക് അവനെ സ്നേഹിച്ചു. റിബെക്കയോ യാക്കോബിനെ സ്നേഹിച്ചു.

ഒരിക്കൽ യാക്കോബ് ഒരു പായസം വച്ചു. അവൻ പുറത്തുനിന്നും വളരെ ക്ഷീണിച്ചു വീട്ടിലേക്കു വന്നു. അവൻ യാക്കോബിനോടു നീ ഉണ്ടാക്കിയ ആ ചുമന്ന പായസം കുറച്ച് തനിക്ക് തരണം എന്നു പറഞ്ഞു. അപ്പോൾ യാക്കോബ് ഏശാവിനോട് നിന്റെ ജ്യേഷ്ഠാവകാശം എനിക്കു നീ വിൽക്കുക എന്നാൽ നിനക്ക് പായസം നൽകാം എന്നു പറഞ്ഞു. അപ്പോൾ ഏശാവ് യാക്കോബി നോട് ഞാൻ നന്നാ ക്ഷീണിച്ചിരിക്കുന്നു, ഞാൻ മരിക്കേണ്ടി വരുമല്ലോ. ജ്യേഷ്ഠാവകാശം കൊണ്ട് എനിക്കെന്ത് പ്രയോജനം? ഏശാവ് തന്റെ ജ്യേഷ്ഠാ വകാശം യാക്കോബിന് വിറ്റു. അതുകഴിഞ്ഞ് യാക്കോബ് ഏശാവിന് അപ്പവും പയറുപായസവും വിളമ്പി. ഏശാവ് അവ ഭക്ഷിച്ചു എഴുന്നേറ്റു പോയി.

യിസ്ഹാക്കും അബീമേലെക്കുമായി ഉടമ്പടി

അങ്ങനെയിരിക്കെ ആ ദേശത്ത് വലിയ ഒരു ക്ഷാമം ഉണ്ടായി. യിസ്ഹാക്ക് ഗെരാരിൽ ഫെലിസ്ത്യരുടെ രാജാവായ അബീമേലെക്കിന്റെ അടുക്കൽ പോയി. യഹോവയായ ദൈവം യിസ്ഹാക്കിനു പ്രത്യക്ഷപ്പെട്ട് അവനോടു അരുളിച്ചെ യ്തു. നീ ഈജിപ്തിലേക്ക് പോകരുത്. ഈ ദേശത്തുതന്നെ താമസിക്കുക ഞാൻ നിന്നോടൊപ്പം ഉണ്ടാകും നിന്നെ അനുഗ്രഹിക്കും. എന്തുകൊണ്ടെന്നാൽ ഞാൻ നിന്റെ സന്താനങ്ങൾക്ക് ഈ ദേശമെല്ലാം തരും അങ്ങനെ ഞാൻ പിതാ വായ അബ്രഹാമിനോട് അരുളിച്ചെയ്തിട്ടുള്ള പ്രതിജ്ഞ നിറവേറ്റും. ഞാൻ നിന്റെ സന്താനങ്ങളെ പെരുപ്പിച്ച് ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെ ആക്കും. നിന്റെ സന്തതിക്ക് ഈ ദേശമെല്ലാം തരും. നിന്റെ സന്തതി മുഖാ ന്തരം ഭൂമിയിലെ സകല ജാതികളും അനുഗ്രഹിക്കപ്പെടും. അങ്ങനെ യിസ്ഹാക്ക് ആ ദേശത്ത് താമസമാക്കി. നാട്ടുകാർ റിബെക്കയെക്കുറിച്ചു ചോദി ച്ചപ്പോൾ അവൾ തന്റെ സഹോദരി എന്നു പറഞ്ഞു. ഒരു പക്ഷേ തന്റെ ഭാര്യ സുന്ദരിയായതിനാൽ അവൾ നിമിത്തം നാട്ടുകാർ തന്നെ കൊല്ലാതിരിക്കുവാ നായിട്ടാണ് റിബെക്കയെ തന്റെ സഹോദരി എന്നു പറഞ്ഞത്.



കുറച്ചുനാൾ കഴിഞ്ഞ് അബീമേലെക്ക് ജനലിലൂടെ നോക്കിയപ്പോൾ യിസ്ഹാക്ക് റിബെക്കയുമായി സല്ലപിക്കുന്നതു കണ്ടു. അപ്പോൾ അബീമേ ലെക്ക് യിസ്ഹാക്കിനെ വിളിച്ച് ചോദിച്ചു അവൾ നിന്റെ ഭാര്യയാണല്ലോ. എന്നിട്ട് സഹോദരി എന്ന് നീ എങ്ങനെ പറഞ്ഞു. അപ്പോൾ യിസ്ഹാക്ക് അബീമേലെ ക്കിനോട് പറഞ്ഞു. “അവൾ മൂലം ഞാൻ മരിക്കാതിരിക്കട്ടെ എന്നു കരുതി.” അബീമേലെക്ക് സകല ജനങ്ങൾക്കും താക്കീത് നൽകി ഈ മനുഷ്യനെയോ ഇദ്ദേഹത്തിന്റെ ഭാര്യയെയോ സ്പർശിക്കുന്ന ഏതൊരാൾക്കും വധശിക്ഷ ലഭി ക്കുന്നതാണ്. യിസ്ഹാക്ക് ആ ദേശത്ത് വിതയ്ക്കുകയും നൂറുമേനി വിളവ് എടുക്കുകയും ചെയ്തു. ദൈവം യിസ്ഹാക്കിനെ അനുഗ്രഹിച്ചു അവൻ ബഹു സമ്പന്നനായി തീർന്നു. അനവധി ആടുമാടുകളും ദാസീദാസന്മാരും ഉണ്ടായി. ആകയാൽ ഫെലിസ്ത്യർ യിസ്ഹാക്കിന്റെ സമ്പത്തുകണ്ട് നീരസപ്പെട്ട് അബീ മേലെക്ക് യിസ്ഹാക്കിനോടു പറഞ്ഞു “നീ ഞങ്ങളെക്കാൾ പ്രബലനായിരി ക്കുന്നു. തന്മൂലം നീ ഞങ്ങളുടെ ഈ നാട്ടിൽ നിന്ന് ദൂരെ എങ്ങോട്ടെങ്കിലും പോകണം. ആകയാൾ യിസ്ഹാക്ക് അവിടം വിട് ഗെരാറിൽ താമസമാക്കി.

തന്റെ പിതാവായ അബ്രഹാമിന്റെ കാലത്ത് കുഴിച്ചിരുന്ന കിണറുകളെ ഫെലിസ്ത്യർ മണ്ണിട്ട് മൂടിയിരുന്നവ വീണ്ടും കുഴിച്ചു. യിസ്ഹാക്കിന്റെ ഭൃത്യ ന്മാർ അവിടെ ഒരു നീരുറവ കണ്ടെത്തി. ഗെരാറിലെ ഇടയന്മാർ ഇസഹാക്കിന്റെ ഇടയന്മാരോട് വഴക്കിട്ടു. ഈ വെള്ളം ഞങ്ങളുടേതാണ്. അനന്തരം യിസ്ഹാ ക്കിന്റെ ഭൃത്യന്മാർ മറ്റൊരു കിണർ കുഴിച്ചു. അതിനെപ്രതിയും തർക്കം ഉണ്ടാ യി. വീണ്ടും യിസ്ഹാക്ക് മൂന്നാമതു ഒരു കിണർ കുഴിച്ചു. അതിനെപ്രതി തർക്ക മുണ്ടായില്ല. അപ്പോൾ യിസ്ഹാക്ക് ദൈവം നമുക്ക് താമസിക്കുവാനായി ഒരു ഇടം തന്നിരിക്കുന്നു. അവിടെ നിന്ന് യിസ്ഹാക്ക് ബേർശേബക്കു പോയി. അന്നു രാത്രി യഹോവ യിസ്ഹാക്കിനു പ്രത്യക്ഷപ്പെട്ടു. “ഞാൻ നിന്റെ പിതാവായ അബ്രഹാമിന്റെ ദൈവം ആകുന്നു; നീ ഭയപ്പെടേണ്ട; ഞാൻ നിന്നോടുകൂടെ ഉണ്ടു. എന്റെ ദാസനായ അബ്രഹാം നിമിത്തം ഞാൻ നിന്നെ അനുഗ്രഹിച്ച് നിന്റെ സന്തതിയെ വർദ്ധിപ്പിക്കും. അവിടെ യിസ്ഹാക്ക് ഒരു യാഗപീഠം പണി തു. യഹോവയുടെ നാമത്തിൽ ആരാധന അർപ്പിച്ചു. അവിടെ കൂടാരമടിച്ചു. അവന്റെ ഭൃത്യന്മാർ ഒരു കിണർ കുഴിച്ചു. അങ്ങനെയിരിക്കെ അബീമേലെക്കും തന്റെ സ്നേഹിതനായ ആഹൂസത്തും സേനാപതിയായ ഫീക്കോലും യിസ്ഹാ ക്കിന്റെ അടുക്കൽ വന്ന് “യഹോവ നിന്നോടുകൂടെ ഉണ്ട് എന്നു ഞങ്ങൾ സ്പഷ്ടമായി കണ്ടിരിക്കുന്നു. അതുകൊണ്ട് നമുക്ക് തമ്മിൽ ഞങ്ങൾക്കും നിനക്കും തമ്മിൽ ഒരു ഉടമ്പടി ചെയ്ക. നീ യഹോവയാൽ അനുഗ്രഹിക്കപ്പെ ട്ടവനല്ലോ. അവൻ അവർക്ക് ഒരു വിരുന്ന് ഒരുക്കി. അവർ ഭക്ഷിച്ചു പാനം ചെയ്തു തമ്മിൽ തമ്മിൽ സത്യം ചെയ്തു. യിസ്ഹാക്ക് അവരെ യാത്രയാക്കി അവർ സമാധാനത്തോടെ പിരിഞ്ഞുപോയി.

(തുടരും)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വചനതീർത്ഥം



ദൈവരാജ്യത്തിലെ പുതു ശിഷ്യത്വം

പുതു ഞായറാഴ്ചക്ക് ശേഷം നാലാം ഞായറാഴ്ച (വി. ലൂക്കോസ് 9:51–62)

ഫാ. കെ. കെ. വർഗീസ്

നമ്മുടെ കർത്താവിന്റെ ഉയിർത്തെഴുന്നേൽപ്പിന് ശേഷമുള്ള ഞായറാഴ്ചകളിലേ വേദവായന ഭാഗങ്ങൾ, താൻ ശിഷ്യരോട് ഒപ്പം ഭൂമിയിൽ ശുശ്രൂഷ നിർവഹിച്ചുകൊണ്ടിരുന്ന കാലത്ത് അരുളി ചെയ്ത വചനങ്ങളാണ്. ഒരു പക്ഷേ ഇപ്പോൾ അതിൻറെ പ്രസക്തി എന്താണ് എന്ന് പലരും ചിന്തിക്കുന്നുണ്ടാവും. തൻറെ പഠിപ്പിക്കലുകൾ താൻ ശിഷ്യന്മാരോടൊപ്പം ഉണ്ടായിരുന്ന കാലത്തേക്ക് മാത്രമുള്ളതല്ല മറിച്ചു തൻറെ അസാന്നിധ്യത്തിലും തൻറെ പഠിപ്പിക്കലുകൾ തുടർന്നു കൊണ്ടുപോകുവാൻ തിരഞ്ഞെടുത്ത ശിഷ്യന്മാരുടെ അസാന്നിധ്യത്തിലും ലോകാവസാനത്തോളം നിലനിൽക്കേണ്ട വചനങ്ങളാണ്. അതുകൊണ്ടു തന്നെ അതിനെ അന്നന്നത്തേക്ക് മാത്രമുള്ള പഠിപ്പിക്കൽ എന്ന രീതിയിൽ ചുരുക്കാൻ നമുക്ക് കഴിയുകയില്ല.

അതിന് സാർവലൗകികമായ സ്വഭാവവും കാലാതീതമായ പ്രസക്തിയുമുണ്ട്. ഇന്നത്തെ സുവിശേഷം (വി.ലൂകോസ് 9:51–62) ലളിതമായ വായനയിൽ ഉൾക്കൊള്ളാൻ ബുദ്ധിമുട്ടുള്ള ഒന്നാണ്. കലപ്പയിൽ കൈവെച്ച് തിരിഞ്ഞു നോക്കുന്ന ആരും ദൈവരാജ്യത്തിന് യോഗ്യനല്ല.

ഒന്നുകിൽ ജീവന്റെ ആഹ്വാനത്തോട് പ്രതികരിക്കുക, അല്ലെങ്കിൽ, സുഖകരമായ, വരാനിരിക്കുന്ന ഭാവിയിലേക്ക് ജീവിതം തുറന്ന് വെക്കുക. ക്രിസ്തുശിഷ്യൻ ആവുക എന്നത് ഒരിക്കലും എളുപ്പമോ രസകരമോ സുഖകരമോ അല്ല.

നമ്മുടെ ജീവിതത്തിന്റെ ദിശ, നാം കൈവശം വയ്ക്കുന്നുവെന്ന് അവകാശപ്പെടുന്ന മൂല്യങ്ങൾ, നാം എങ്ങനെ ജീവിക്കുകയും ആ മൂല്യങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്നു എന്നതിനെ അവൻ ചോദ്യം ചെയ്യുന്നു. യഹൂദന്മാരുടെ ശത്രുക്കളായ ശമര്യക്കാരുടെ നാട്ടിൽ ചെന്ന് സ്വർഗത്തിൽ നിന്ന് തീ ഇറക്കി അവരെ നശിപ്പിക്കണമെന്ന് ആഗ്രഹിക്കുന്ന ശിഷ്യന്മാരോടൊപ്പം നിന്ന്, അവരെ കുറ്റം വിധിക്കുന്ന തിനേക്കാൾ നല്ലത് നമ്മെത്തന്നെ നോക്കാനാണ് അവൻ നമ്മോട് ആവശ്യപ്പെടുന്നത്.

സമരിയാക്കാരൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് നമ്മളിൽ നിന്ന് വ്യത്യസ്തമായി നോക്കുകയും പ്രവർത്തിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നവരെയാണ്; നമ്മുടെത് പോലെയുള്ള മതപരമോ രാഷ്ട്രീയമോ ആയ വിശ്വാസങ്ങൾ പാലിക്കാത്തവർ; നമ്മുടെ സഭാംഗങ്ങൾ അല്ലാത്തവർ, ക്രിസ്ത്യാനികൾ അല്ലാത്തവർ,

എന്തൊക്കെയോ കാരണങ്ങൾ കൊണ്ട് നമ്മളോട് ചേർന്നു പോകാത്തവർ... അവരോടുള്ള നമ്മുടെ മനോഭാവം എന്തായിരിക്കണം???

ക്രിസ്തുവിന്റെ മനസ്സിനോട് ചേർന്നു പോകുന്ന ഒരു മനോഭാവം നമ്മളിൽ ഉണ്ടാവാൻ എന്തെല്ലാം കാര്യങ്ങൾ ആവശ്യമാണ് എന്ന ചിന്തകളാണ് ഇന്നത്തേ ഏവൻഗേലിയോൻ ഭാഗത്തുനിന്ന് പരിശുദ്ധാത്മാവിൽ ശരണപ്പെടുന്നത്.

വി.ലൂക്കോസ് 9:51 അവന്റെ ആരോഹണത്തിന്നുള്ള കാലം തികയാറായപ്പോൾ അവൻ യെരൂശലേമിലേക്കു യാത്രയാവാൻ മനസ്സു ഉറപ്പിച്ചു തനിക്കു മുമ്പായി ദൂതന്മാരെ അയച്ചു.

9:52 അവർ പോയി അവന്നായി വട്ടംകൂട്ടേണ്ടതിന്നു ശമര്യക്കാരുടെ ഒരു ഗ്രാമത്തിൽ ചെന്നു.

9:53 എന്നാൽ അവൻ യെരൂശലേമിലേക്കു പോകുവാൻ ഭാവിച്ചിരിക്കയാൽ അവർ അവനെ കൈക്കൊണ്ടില്ല.

9:54 അതു അവന്റെ ശിഷ്യന്മാരായ യാക്കോബും യോഹന്നാനും കണ്ടിട്ടു: കർത്താവേ, (ഏലീയാവു ചെയ്തതുപോലെ) ആകാശത്തുനിന്നു തീ ഇറങ്ങി അവരെ നശിപ്പിപ്പാൻ ഞങ്ങൾ പറയുന്നതു നിനക്കു സമ്മതമോ എന്നു ചോദിച്ചു.

9:55 അവൻ തിരിഞ്ഞു അവരെ ശാസിച്ചു: (“നിങ്ങൾ ഏതു ആത്മാവിന്നു അധീനർ എന്നു നിങ്ങൾ അറിയുന്നില്ല;

9:56 മനുഷ്യപുത്രൻ മനുഷ്യരുടെ പ്രാണങ്ങളെ നശിപ്പിപ്പാനല്ല രക്ഷിപ്പാനത്രേ വന്നതു” എന്നു പറഞ്ഞു.) അവർ വേറൊരു ഗ്രാമത്തിലേക്കു പോയി.

9:57 അവർ വഴിപോകുമ്പോൾ ഒരുത്തൻ അവനോടു: നീ എവിടെ പോയാലും ഞാൻ നിന്നെ അനുഗമിക്കാം എന്നു പറഞ്ഞു.

9:58 യേശു അവനോടു: “കുറുനരികൾക്കു കുഴിയും ആകാശത്തിലെ പറവജാതിക്കു കൂടും ഉണ്ടു; മനുഷ്യപുത്രന്നോ തല ചായിപ്പാൻ സ്ഥലമില്ല ’ എന്നു പറഞ്ഞു.

9:59 വേറൊരുത്തനോടു: “എന്നെ അനുഗമിക്ക” എന്നു പറഞ്ഞാറെ അവൻ: ഞാൻ മുമ്പെ പോയി എന്റെ അപ്പനെ കുഴിച്ചിടുവാൻ അനുവാദം തരേണം എന്നു പറഞ്ഞു.

9:60 അവൻ അവനോടു: “മരിച്ചവർ തങ്ങളുടെ മരിച്ചവരെ കുഴിച്ചിടട്ടെ; നീയോ പോയി ദൈവരാജ്യം അറിയിക്ക” എന്നു പറഞ്ഞു.

9:61 മറ്റൊരുത്തൻ: കർത്താവേ, ഞാൻ നിന്നെ അനുഗമിക്കാം; ആദ്യം എന്റെ വീട്ടിലുള്ളവരോടു യാത്ര പറവാൻ അനുവാദം തരേണം എന്നു പറഞ്ഞു.

9:62 യേശു അവനോടു: “കലപ്പെക്കു കൈവെച്ചശേഷം പുറകോട്ടു നോക്കുന്നവൻ ആരും ദൈവരാജ്യത്തിന്നു കൊള്ളാകുന്നവനല്ല’ എന്നു പറഞ്ഞു.

‘ഈ രക്തരൂക്ഷിതമായ ദുരന്തത്തിൽ സന്നിഹിതരായ നിങ്ങൾ അറിയുക, തന്റെ കൺമുമ്പിൽ ശാശ്വതമായ കിരീടമുള്ള ഒരാൾക്ക് ഈ പീഡനങ്ങൾ ഒന്നും ഒന്നുമല്ലെന്ന്.

നിങ്ങളുടെ ദൈവങ്ങൾ ദൈവങ്ങളല്ല; അവരുടെ ആരാധന ഉപേക്ഷിക്കുക. ഞാൻ ആർക്കുവേണ്ടി കഷ്ടപ്പെടുകയും മരിക്കുകയും ചെയ്യുന്നുവോ അവനാണ് യഥാർത്ഥ ദൈവം. അവനുവേണ്ടി മരിക്കുക എന്നാൽ ജീവിക്കുക എന്നതാണ്.‘ നാലാം നൂറ്റാണ്ടിലെ, കത്തോലിക്കാ സഭയുടെ രക്തസാക്ഷിയായ സെന്റ് ആർക്കാഡിയസിന്റെ അവസാന വാക്കുകൾ.

യേശുവിന്റെ ഏറ്റവും അടുത്ത ശിഷ്യന്മാരിൽ രണ്ടുപേർ, യാക്കോബും യോഹന്നാനും, അപ്പോഴും തങ്ങളുടെ കർത്താവിനെ മനസ്സിലാക്കിയിരുന്നില്ല. നിശ്ചയദാർഢ്യത്തോടെ, തന്റെ പിതാവിൻറെ പദ്ധതികൾ നിറവേറ്റുവാനായി യെരുശലേമിലേക്കുള്ള വഴിയിലൂടെ നമ്മുടെ കർത്താവ് പോവുകയാണ്. അവിടെ, താൻ തിരസ്കരിക്കപ്പെടാനും അപമാനിക്കപ്പെടാനും പീഡിപ്പിക്കപ്പെടാനും വധിക്കപ്പെടാനും അവൻ ഒരുങ്ങിയിരിക്കുകയാണ്. പക്ഷേ അവന്റെ ശിഷ്യന്മാർക്ക് ഈ രക്ഷാകര പദ്ധതിയുടെ മർമ്മം പലപ്പോഴും മനസ്സിലായിരുന്നില്ല. അതുകൊണ്ടുതന്നെ അക്രമത്തിലൂടെയും ബലപ്രയോഗത്തിലൂടെയും തങ്ങളുടെ കർത്താവിനെ സംരക്ഷിക്കാൻ അവർ ഉത്സുകരായിരുന്നു.

ഒരു വശത്ത്, അവർ പറഞ്ഞത് ശരിയാണ്: യേശു കർത്താവായിരുന്നു, ഏറ്റവും ഉയർന്ന ആദരവോടെ സ്വാഗതം ചെയ്യാനും പരിഗണിക്കപ്പെടാനും അവൻ അർഹനായിരുന്നു. അത് കൊണ്ട് തന്നെ അദ്ദേഹത്തെ നിരസിച്ചതിൽ, ശമരിയൻ ഗ്രാമം വിമർശനത്തിന് അർഹമായിരിക്കണം എന്നാണ് അവരുടെ ചിന്ത.

എന്നാൽ മറുവശത്ത്, ജനങ്ങളുടെ തിരസ്കരണം സ്വീകരിക്കാൻ കൃത്യമായി ജറുസലേമിലേക്കുള്ള യാത്രയിലാണെന്ന് ക്രിസ്തു ആവർത്തിച്ച് വിശദീകരിച്ചിരുന്നു.

തന്റെ ശത്രുക്കൾക്ക് അർഹമായത് നൽകാതെ, ക്ഷമയോടെ അവരെ സഹിച്ചുകൊണ്ടാണ് ക്രിസ്തു ദൈവത്തിന്റെ കരുണ കൃത്യമായി വെളിപ്പെടുത്തുന്നത്. ക്രിസ്തുവിന്റെ കർത്തൃത്വം യഥാർത്ഥമാണ്.

എന്നാൽ അത് നമ്മൾ പ്രതീക്ഷിക്കുന്നതിൽ നിന്ന് വ്യത്യസ്തമാണ്: ക്രിസ്തുവിനെയും അങ്ങനെ ക്രിസ്ത്യാനിയെയും സംബന്ധിച്ചിടത്തോളം വിജയം എന്നാൽ ദൈവഹിതം നിറവേറ്റുക എന്നതാണ്, അതിന് ലോകത്തിന്റെ ദൃഷ്ടിയിൽ കഷ്ടപ്പാടും അപമാനവും തിരസ്കരണവും സമ്പൂർണ്ണ പരാജയവും ഒക്കെ ആവശ്യമാണ്.

ക്രിസ്തു എന്ന ഗുരു ഇന്നത്തെ ഏവൻഗേലിയോൻ ഭാഗത്ത് ക്രിസ്തുവുമായുള്ള ബന്ധത്തിലേക്ക് വരാൻ ഒരുങ്ങുന്ന 3 ചെറുപ്പക്കാരുമായുള്ള മൂന്ന് കൂടിക്കാഴ്ചകൾ ക്രിസ്തുവിനെ അനുഗമിക്കുക എന്നതിന്റെ അർത്ഥത്തെക്കുറിച്ചുള്ള കഠിനമായ മൂന്ന് പാഠങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

ആദ്യം നമ്മുടെ സുരക്ഷ ഉപേക്ഷിക്കണം. ക്രിസ്തു വിശ്വസ്തനാണ്, എന്നാൽ നാം അവനെ അനുഗമിക്കുമ്പോൾ, ഓരോ ഘട്ടത്തിലും ഓരോ ദിവസത്തിലും നാം ഓർക്കണം, ക്രിസ്തീയ ജീവിതം മുന്നോട്ടു കൊണ്ടു പോകുന്നതിനുള്ള പൂർണ്ണമായ രൂപരേഖ അവൻ നൽകുന്നില്ല. കുറുക്കന്മാർക്കും പക്ഷികൾക്കും പോലും അവരുടെ സഹജവാസനകളുടെയും സ്വാഭാവിക ആവാസ വ്യവസ്ഥയുടെയും സുരക്ഷിതത്വമുണ്ട്, എന്നാൽ ക്രിസ്ത്യാനികൾ പ്രവചനാതീതമായ സാഹസികതയിലാണ് ജീവിക്കേണ്ടത് എന്ന ഓർമ്മപ്പെടുത്തലാണ് കർത്താവ് നൽകുന്നത്.

രണ്ടാമതായി അപകടസാധ്യതകൾ എടുക്കണം. ഈ യുവാവിനോടുള്ള കർത്താവിന്റെ വാക്കുകൾ പരുഷമായി തോന്നിയേക്കാം.

പക്ഷേ അക്കാലത്തെ ഭാഷയിൽ, അവ ഒരുപക്ഷേ അങ്ങനെയായിരുന്നില്ല. അവന്റെ പിതാവിന്റെ മരണാനന്തര ശുശ്രൂഷയെപ്പറ്റി ആയിരിക്കുകയില്ല അയാൾ പറഞ്ഞത്. തന്റെ പിതാവ് വാർദ്ധക്യം പ്രാപിക്കുകയും മരിക്കുകയും ചെയ്തു കഴിഞ്ഞാൽ അവൻ അങ്ങനെ ചെയ്യുമായിരുന്നു.

പകരം, താൻ ജീവിച്ചിരുന്ന ആത്മീയമായി നിർജ്ജീവമായ അന്തരീക്ഷം ഉപേക്ഷിച്ച് കർത്താവിനെ അനുഗമിക്കണമെന്നാവണം യുവാവ് പറഞ്ഞത്. എന്നാൽ ഒരേസമയം ക്രിസ്തുവിന്റെ സ്നേഹം തന്നെ അവനിലേക്ക് വലിക്കുന്നതായി അയാൾക്ക് അനുഭവപ്പെട്ടു, അതേസമയം തന്റെ ജീവിതത്തിന്റെയും ബന്ധങ്ങളുടെയും പ്രതീക്ഷകളുടെയും പദ്ധതികളുടെയും

സുഖപ്രദമായ ആകർഷണവും അയാൾക്ക് അനുഭവപ്പെട്ടു. ഇപ്രകാരം ധർമ്മസങ്കടത്തിൽ ആയ അവനോട് കാലതാമസമില്ലാതെ ദൈവത്തിന്റെ ശബ്ദം ശ്രദ്ധിക്കേണ്ടതുണ്ടെന്ന് ക്രിസ്തു മുന്നറിയിപ്പ് നൽകുന്നു - അത് എത്ര അപകടകരമാണെങ്കിലും....

മൂന്നാമതായി ബുദ്ധിമുട്ടുകൾ പ്രതീക്ഷിക്കണം. വയലുകൾ ഉഴുതുമറിക്കുന്നത് അത്ര എളുപ്പമുള്ള കാര്യമല്ല, ആഴത്തിലുള്ള ചാൽ ഉഴുതുമറിക്കുന്നതിന് അർപ്പണബോധവും സ്ഥിരോത്സാഹവും കഠിനാധ്വാനവും ആവശ്യമാണ്. അതുകൊണ്ട് അത്തരമൊരു പ്രവർത്തി ഏറ്റെടുത്തിട്ട് അതിൽ നിന്ന് പിന്മാറാൻ ഒരുങ്ങുന്നത് ഭൂഷണമല്ല അല്ല എന്ന് കർത്താവ് പറയുന്നു. ക്രിസ്തുവിനെ പിന്തുടരുന്നതും വ്യത്യസ്തമല്ല.

ഒരിക്കൽ അതിലേക്ക് പ്രവേശിച്ചുകഴിഞ്ഞാൽ മാത്രമേ, അത് യഥാർത്ഥത്തിൽ എത്രമാത്രം സമർപ്പണവും അധ്വാനവും ആവശ്യപ്പെടുന്നതാണെന്ന് കണ്ടെത്താനാവൂ. അപ്പോഴെല്ലാം ഒരു സ്വാർത്ഥജീവിതത്തിന്റെ അനായാസതയിലേക്കും ആശ്വാസത്തിലേക്കും തിരിഞ്ഞുനോക്കാൻ വിളി ലഭിച്ചവൻ പ്രലോഭിപ്പിക്കപ്പെട്ടു കോണ്ടെയിരിക്കും. എന്നാൽ തിരിച്ചു പോയാൽ നമ്മലുടെ നഷ്ടം വലുതായിരിക്കും. ക്രിസ്തുവിന്റെ രാജ്യം മാത്രമേ ശാശ്വതമായി നിലനിൽക്കൂ,

ദൈവത്തിന് മാത്രമേ നമ്മുടെ ഹൃദയത്തിന്റെ ആഴത്തിലുള്ള ആഗ്രഹങ്ങൾ നിറയ്ക്കാൻ കഴിയൂ - ദൈവഹിതത്തോടുള്ള വിശ്വസ്തത ആവശ്യപ്പെടുന്ന കഠിനാധ്വാനം, നിത്യമായ ആദായത്തോടെ പ്രതിഫലം നൽകുന്നു.

◆



കുമ്പഴ സെന്റ് മേരീസ് വലിയ കത്തീഡ്രലിൽ നിന്നും ഒ.വി.ബി.എസ്. കുഞ്ഞുങ്ങൾ, വികാരി ഫാ. ജോൺ ഫിലിപ്പോസിനോടും, ഫാ. ജോബിനോടും ചേർന്ന് മട്ടാഞ്ചേരി കൂനൻ കുരിശിങ്കൽ.



പീരുമേട് എം ബി സി എഞ്ചിനീയറിംഗ് കോളേജിൽ വിദ്യാർത്ഥികൾക്ക് പ്ലേസ്മെന്റ് ലഭിച്ചു. പീരുമേട് മാർ ബസേലിയോസ് കോളജ് ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി പ്ലേസ്മെന്റ് സെല്ലിന്റെ നേതൃത്വത്തിൽ നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റ് വഴി ആറു വിദ്യാർത്ഥികൾക്ക് കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഐവൈ.വൈ.എം എഞ്ചിനീയറിംഗ് കമ്പനിയിലാണ് നിയമനം.

ഫാ. മാത്യു ജോൺ മെമ്മോറിയൽ

ഭദ്രാസനതല ആരാധനാ സംഗീത മത്സരം

തിരുവനന്തപുരം: ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം തിരുവനന്തപുരം ഭദ്രാസനം നടത്തുന്ന ഫാ. മാത്യു ജോൺ മെമ്മോറിയൽ ഭദ്രാസനതല ആരാധനാ സംഗീത മത്സരം (ജനനപ്പെരുന്നാൾ മാത്രം) കട്ടച്ചൽ മാർ ബർസൗമ്മ ഓർത്തഡോക്സ് പുത്തൻ പള്ളിയിൽ 2022 മെയ് 22 ഞായറാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് നടക്കും.



സാഹിത്യ അക്കാദമിയുടെ Young Writer Travel Fellowship കരസ്ഥമാക്കിയ ഫാ. ജിൻസ്. സുൽത്താൻ ബത്തേരി സെന്റ് മേരീസ് കോളേജിൽ മലയാളം വിഭാഗം അസിസ്റ്റന്റ് പ്രൊഫസറും ബത്തേരി മെത്രാസനത്തിലെ കല്ലുമുക്ക് ഇടവകയുടെ വികാരിയുമാണ്.

Prioritizing His Will

St. Luke 9:51-62

Fr Nithin V Rajan



Roads less travelled is mostly road to beautiful destination. Human beings mostly are unwilling to explore and gain the experience to those destination. Only a hand full explore and see the glory in such expeditions.

The scriptural reading of the Holy Gospel points out to how Jesus was getting ready for His Ascension into Heaven, and needed to go to Jerusalem.

His re-routing attitude

St. Luke 9:51- 56 *"As the time approached for him to be taken up to heaven, Jesus resolutely set out for Jerusalem. And he sent messengers on ahead, who went into a Samaritan village to get things ready for him; but the people there did not welcome him, because he was heading for Jerusalem. When the disciples James and John saw this, they asked, "Lord, do you want us to call fire down from heaven to destroy them?" But Jesus turned and rebuked them. Then he and his disciples went to another village."*

Jesus Christ sets examples for His apostles by saying the powers we have is not for destruction but for salvation.

Re-routing is a great lesson Google Map teaches us. It never screams, judges or scolds us if we take the wrong turn. It always helps to come back to the destination.

It never increases its ability to speak by its Artificial Intelligence and says, "You were supposed to go 'leftward' at the last crossing, why you didn't do that! Now you to have to go the long way around, waste of fuel and it's going to take you so much of the precious time, and would be late for your meeting! When will you learn to listen carefully and listen to my commands and directions etc…

If it did that, there are very high chances that a many of us might stop using the app. But Google simply Re-Routes and shows us the next best and easiest way to get there. Its primary interest is in getting you to reach your destination, it doesn't care if you made a mistake, you have not obeyed the instruction, and nothing hinders google from re-routing. That's a great lesson for life.

It's always tempting to clinch our fist especially when we are correct and usually we show that on our near and dear ones. But the cleverest choice is to find solutions and not to play blame game. When we do so, there will be healing in our relationships than tearing them or failing apart.

Prioritizing His Will.

St. Luke 9:57-62 *"As they were walking along the road, a man said to him, "I will follow you wherever you go." Jesus replied, "Foxes have dens and birds have nests, but the Son of Man has no place to lay his head." He said to another man, "Follow me." But he replied, "Lord, first let me go and bury my father." Jesus said to him, "Let the dead bury their own dead, but you go and proclaim the kingdom of God." Still another said, "I will follow you, Lord; but first let me go back and say goodbye to my family." Jesus replied, "No one who puts a hand to the plow and looks back is fit for service in the kingdom of God."*

Here we see Jesus calling few young men or they themselves deciding to follow Him. But they had their own reasons to stay away from Christ. Jesus then says they are not fit for His Kingdom. They had worldly responsibilities to fulfill over His will and call. The scripture clearly says in ***St. Matthew 6:33*** *"But seek ye first the kingdom of God, and his righteousness; and all these things shall be added unto you".*

Discipleship in the Christian sense, consequently, is not just "study" of theories, philosophies, and information. Rather it is a way of life, a way of living with the Teacher, following Christ, and experiencing Him. Becoming like Christ is the duty of every Christian nothing more or less. It is a process of growing fully in to His Image and likeness. Early Christian teachers like St. Irenaeus of Lyon (3rd c.) and St. Athanasius the Great (4th c.), said that "God became man so that man might become God-like."

What stops us from following Christ? Is it our Age? Is it our responsibilities? Is it our situations? We have our own explanations to say and give but that wouldn't be accepted as we are called to serve and not to be served. Striking a balance in our attitude towards Liturgy and Liturgy after Liturgy would help us to be in the right track. Doing both together is being hand in hand towards the calling.

1 Timothy 4:12 *"Don't let anyone look down on you because you are young, but set an example for the believers in speech, in conduct, in love, in faith and in purity".* Here the scripture make it very clear saying don't wait to be of age and then follow Christ. Today is very important as we do not know tomorrow what holds for us. Christ doesn't want us to do extraordinary things but to do what we can, where we can and when we do so. He makes our ordinary works extra ordinary.

We see that the judging levels of God is not according to human standards. That is the reason Jesus says the poor woman, who just put in two small copper coins in the Temple, gave the highest contribution. ***St. Mark 12:43-44*** *Jesus said, "Truly I tell you, this poor widow has put more into the treasury than all the others. They all gave out of their wealth; but she, out of her poverty, put in everything—all she had to live on."*

"Four monks, clothed in skins, came one day to see the great Saint Abba Pambo. Each one revealed the virtues they kept. The first fasted a great deal; the second was poor; the third had acquired great charity; and they said of the fourth that he had lived for twenty-two year in obedience to an old man. Abba Pambo said to them, 'I tell you, the virtue of this last one is the greatest. Each of the others has obtained the virtue he wished to acquire; but the last one, restraining his own will, does the will of another. Now it is of such men that the saints are made, if they persevere to the end.'


As we journey towards the Heavenly Kingdom let us prioritize His Will and When He calls us let us answer His call and live a life befitting His call. Amen.

❑

Article

PROUD TO BE A TEACHER

Fr. Dr. P. S.Varghese
(Vicar MGOS Church, Dimapur & Principal, MGM College, Dimapur, Nagaland)



Mahatma Gandhi was an icon of peace and reconciliation. Unlike any arm-chair thinker, Gandhiji practiced what he preached. Very systematically he correlated work with education and peace with value-based education. He was widely influenced by the Bible and Tolstoy's writings.

He told the world **"If we want to reach real peace in this world, we should start educating children."**

Education is the greatest tool to fight against discrimination, exploitation, fanaticism, and injustice. Today the world is longing for peace. It's only through education; one can overcome prejudices and misunderstandings. For the sustainability, progress and futuristic development of any community peace is a prerequisite.

The present Indian socio-political and religious scenario is widely challenged. Intolerance has crept to its heights. Right from personal freedom, eating habits to freedom of expression, every realm is being questioned. Ultimately this leads to desperation, agitation, and chaos, instead of peace and harmony.

We need to adhere to Gandhiji's words:

'If we want to reach real peace in this world, we should start educating children.'

We need a peace-loving, peace-living, and peace practicing community for a peaceful futuristic generation.

I would like to connect Gandhiji's ideas with Paulo Coelho, the author of 'The Alchemist', is a Brazilian-born world famous lyricist, and novelist, among the contemporary authors he stood in the second position. The constant theme in 'The Alchemist' is to pursue your dreams by following what your heart desires. Peace is the factor that helps you to travel consistently. Here Santiago as a symbol of each child, with consistency, determination he is travelling in search of treasure. I would say the hidden treasure is wisdom. Let us help our children to find the real treasure; there we will act like a route map to the destination.

Through Santiago's journey, he reminded us to listen to the heart. He taught us a lesson 'never give up. Childhood, love, fear, and realizing dreams are the four obstacles in 'The Alchemist'. Nevertheless, these four doors of life are very much connected to everyone's life. A true learner should read and communicate with the surroundings. Reading and traveling are the ways to enter the soul of the world. Teachers have an influential role in the life of every student. Their influence is eternal.

Here, Coelho has given a beautiful explanation to;

What is a teacher?

"It isn't someone who teaches something, but someone who inspires the student to give of his/her best in order to discover what he/she already knows."

As a mentor, it is the bestowed duty of every teacher to kindle the little scientist's heart. Often we tell, explains, demonstrate in the classrooms. In William Arthur Ward's version:

'The mediocre teacher tells.

The good teacher explains.

The superior teacher demonstrates.

The great teacher inspires.'

Let us ignite the minds. Where, learning continues to be a passion. Understanding the surroundings and listen to the inner beings of everyone also very important. Gandhi strived to inculcate this inspiration in the minds of every learner through his experiments.

◆



കുന്നക്കുരുടി പള്ളിയിലെ ഒ.വി.ബി.എസ്. കുഞ്ഞുങ്ങൾ യൂഹാനോൻ മാർ പോളിക്കർപ്പോസ് മെത്രാപ്പോലീത്തായോടൊപ്പം.



മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ 250-ാം വാർഷിക ആഘോഷങ്ങളോടനുബന്ധിച്ച് തൊഴിയൂർ സഭാ ആസ്ഥാനത്ത് പണികഴിപ്പിച്ച ചരിത്ര മ്യൂസിയത്തിന്റെ ഉദ്ഘാടനം ഡോ. ഗീവർഗ്ഗീസ് യൂലിയോസ് നിർവഹിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



നിരണം വലിയപള്ളിയിൽ മലങ്കര മെത്രാപ്പോലീത്തന്മാരായ രണ്ടാം മാർത്തോമ്മാ, അഞ്ചാം മാർത്തോമ്മാ എന്നിവരുടെ ഓർമ്മപെരുന്നാളിനു ജോഷ്വാ മാർ നിക്കോദിമോസ് മുഖ്യകാർമ്മികത്വം വഹിച്ചു. വികാരി ഫാ. തോമസ് മാത്യു, സഹ വികാരി ഫാ. ബിബി മാത്യു, സഖറിയ പനയ്ക്കാമറ്റം കോറെപ്പിസ്കോപ്പാ തുടങ്ങിയവർ സഹകാർമ്മികരായിരുന്നു. അനുസ്മരണ സമ്മേളനം ജോഷ്വാ മാർ നിക്കോദിമോസ് ഉദ്ഘാടനം ചെയ്തു.



നിർമ്മാണ പുരോഗതി വിലയിരുത്തി

പെങ്ങാമുക്ക്: കുന്നംകുളം ഭദ്രാസനത്തിൽപ്പെട്ട പെങ്ങാമുക്ക് മാർ ബസ്സേലി യോസ്സ് മാർ ഗ്രീഗോറിയോസ് പുത്തൻ പള്ളി (മൂലേപ്പാട്) നിർമ്മിച്ചു വരുന്ന നവ ദേവാലയത്തിന്റ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനായി കുന്നം കുളം ഭദ്രാസന സഹായ മെത്രാപ്പോലീത്താ ഡോ. ഗീവർഗീസ് മാർ യൂലി യോസ് സന്ദർശനം നടത്തി. വികാരി ഫാ. ഗീവർഗീസ് ജോൺസൺ, കൈസ്ഥാനി പി. യു. ഷാജൻ, സെക്രട്ടറി അഡ്വ. മെറീഷ് കെ. സഖറിയ തുടങ്ങി യവർ സന്നിഹിതരായിരുന്നു.

ഭാഗ്യസ്മരണാർഹനായ പ. ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാ ബാവ കാതോലിക്ക സ്ഥാനമേറ്റ് ആദ്യമായി ഒരു ദേവാലയത്തിന്റെ അടിസ്ഥാന ശില സ്ഥാപിച്ചത് ഇവിടെ ഉണ്ടായിരുന്ന പഴയ ദേവാലയത്തിന്റെ ആയിരുന്നു എന്നത് ചരിത്ര വസ്തുതയാണ്. പ.പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ കശ്ശീശാ സ്ഥാനമേറ്റ ശേഷം പ്രഥമ വികാരിയായി ചുമതലയേറ്റതും ഈ ദേവാലയത്തി ലായിരുന്നു.

പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിലും ഡോ.യൂഹാനോൻ മാർ ദിയസ്കോ റോസ്, ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് തിരുമേനിമാരുടെ സഹകാർമിക ത്വത്തിലും 2022 സെപ്റ്റംബർ 9, 10 (വെള്ളി, ശനി) തീയതികളിലായി നടത്തപ്പെ ടുകയാണ്. കൂദാശയുടെ വിജയകരമായ നടത്തിപ്പിനുവേണ്ടിയുള്ള ഊർജിത മായ ശ്രമങ്ങളിലാണ് ഇടവകയിലെ മുഴുവൻ വിശ്വാസികളും .



ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം കേന്ദ്രസമിതി യോഗം 19.05.2022 നു 10 മണി മുതൽ പ്രസ്ഥാനം പ്രസിഡന്റ് ഡോ. ഗീവർ ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ അധ്യക്ഷതയിൽ കോട്ടയം സെന്റ് തോമസ് ഭവനിൽ വച്ച് നടത്തപ്പെട്ടു. പ. ബസേലിയോസ് മാർ ത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവ തിരുമേനിയുടെ അനുസ്മരണവും അതോടു ചേർന്ന് കേന്ദ്ര അസംബ്ലിയും കുന്നംകുളം മങ്ങാട് സെന്റ് ഗ്രീഗോറിയോസ് ദൈവാലയത്തിൽ വച്ച് 17.07.2022 കൂടുന്ന തിന് തീരുമാനിച്ചു. കേന്ദ്ര എക്സിക്യൂട്ടീവ് സമിതി അംഗങ്ങളായി എബിൻ ബേബി, റോബിൻ ജോ വർഗീസ്, രഞ്ജു എം. ജെ., ദിപു അച്ചൻകുഞ്ഞു, ജോമി ഏബ്രഹാം എന്നിവരെ തെരെഞ്ഞെടുത്തു .2021-22 റിപ്പോർട്ട്, വരവ്-ചെലവ് തെരട്ട്, 2022-23 പ്രവർത്തന രൂപരേഖ, ബഡ്ജറ്റ് എന്നിവ യോഗത്തിൽ അവതരിപ്പിച്ചു. പ്രസ്ഥാനം പ്രസിഡന്റ് ഡോ. ഗീവർഗീസ് മാർ യൂലിയോസ്മെത്രാപ്പോലീത്തായുടെ ജന്മദിന ആഘോഷവും നടന്നു. കേന്ദ്ര വൈസ് പ്രസിഡന്റ് ഫാ. ഷിജി കോശി, ജനറൽ സെക്രട്ടറി ഫാ. അജി കെ. തോമസ്, ട്രഷറർ പേൾ കണ്ണേത്തു, മുൻ ട്രഷറർ ജോജി പി. തോമസ് എന്നിവർ പ്രസംഗിച്ചു.



വി. മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായതും പ. സഭയുടെ അന്താരാഷ്ട്ര തീർഥാടനകേന്ദ്രവുമായ തിരുവിതാംകോട് അരപ്പള്ളി പന്തളം കൂരമ്പാല സെന്റ് തോമസ് ഇടവകാംഗങ്ങൾ സന്ദർശിച്ചു.